II. അറിയിപ്പ്

നിയമസഭാദിനം

[9.30.am] മി. സ്പീക്കർ : ഓഡർ, ഓഡർ..... കക്ഷിനേതാക്കൻമാരുടെ യോഗത്തിലുണ്ടായ തീരുമാനമനുസരിച്ച് നിയമസഭാദിനം മേയ് 21, 22 തീയതികളിൽ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ പരിപാടികൾ ഏറ്റവും കുറഞ്ഞ സാമ്പത്തികബാധ്യത വരുന്ന തരത്തിലായിരിക്കും സംഘടിപ്പിക്കുന്നത്. സാമ്പത്തിക ബാധ്യത ഇല്ലാതാക്കാനാണ് നോക്കുന്നത്. നിയമസഭാദിനാഘോഷപരിപാടികളിൽ പങ്കാളിത്തം ഉറപ്പുവരുത്താൻ നമ്മൾ പരമാവധി ശ്രദ്ധിക്കണം. മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരും പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ള കക്ഷിനേതാക്കളും മറ്റ് എല്ലാ അംഗങ്ങളും മേയ് 21, 22 തീയതികൾ ഇതിനുവേണ്ടി മാറ്റിവയ്ക്കണം. സ്പോർട്സ്, ഗെയിംസ് എന്നീ ഇനങ്ങൾ 21-ാം തീയതി രാവിലെ 9.00 മണിക്ക് ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിൽ ആരംഭിക്കും, ഇത് സംഘടിപ്പിക്കുന്നത് സ്പോർട്സ് ഡയറക്ടറുടെയും മറ്റും മേൽനോട്ടത്തിലാണ്. 21-ാം തീയതി വൈകിട്ട് സാംസ്കാരിക സമ്മേളനം, കുട്ടികളുടെ കലാപരിപാടികൾ, നിയമസഭാംഗങ്ങളും മന്ത്രിമാരും പങ്കെടുക്കുന്ന ഗാനമേള എന്നിവ ഉണ്ടായിരിക്കുന്നതാണ്. മേയ് 22-ാം തീയതി കുട്ടികളുടെ വിവിധ മത്സരങ്ങൾ, "നിയമസഭയും മാധ്യമങ്ങളും" എന്ന വിഷയത്തെ അധികരിച്ചുള്ള ഒരു സെമിനാർ എന്നിവ ഉണ്ടായിരിക്കും. അന്ന് വൈകിട്ട് പൊതുസമ്മേളനം, കവിയരങ്ങ്, എം.എൽ.എ.മാർ തന്നെ എഴുതി സംവിധാനംചെയ്ത നാടകം എന്നിവയും ഉണ്ടായിരിക്കുന്നതാണ്. ഇതിനോട് അനുബന്ധിച്ചുള്ള പരിപാടികളെല്ലാം വിജയിപ്പിക്കുന്നതിനു വേണ്ടിയിട്ടുള്ള സബ്കമ്മിറ്റികൾ രൂപികരിച്ചിട്ടുണ്ട്. മത്സരങ്ങളിലും മറ്റ് കലാപരിപാടികളിലും പങ്കെടുക്കുന്നതുസംബന്ധിച്ചുള്ള വിശദാംശം നിയമസഭാ സെക്രട്ടേറിയറ്റ് അറിയിക്കുന്നതാണ്. അതിനുള്ള സമ്മതം പ്രകടിപ്പിക്കുന്ന രൂപത്തിൽ ഫാറം പൂരിപ്പിച്ച് കൊടുക്കണം. ഇത്രയും കാര്യങ്ങളാണ് അറിയിക്കാനുള്ളത്.

III. അടിയന്തിരപ്രമേയം

ജൂനിയർ ഡോക്ടർമാരുടെ സമരത്തെത്തുടർന്ന് മെഡിക്കൽ കോളേജ് ആശുപത്രികളിൽ നിലനിൽക്കുന്ന ശോച്യാവസ്ഥ

മി. സ്പീക്കർ : മെഡിക്കൽകോളേജുകളിൽ ജൂനിയർ ഡോക്ടർമാരുടെ സമരത്തെത്തുടർന്ന് ഉളവായിട്ടുള്ളതായി പറപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവെച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. ജി. കാർത്തികേയൻ, സി.ടി. അഹമ്മദ് അലി, മാമ്മൻ മത്തായി, ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, ഇവിടെത്തന്നെ ഇതു സംബന്ധിച്ച് ചർച്ചചെയ്തതാണ്. നോട്ടീസിൽ പറഞ്ഞിരിക്കുന്നകാര്യം, ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയ ചർച്ച വിജയിച്ചുവെങ്കിലും അത് പ്രഹസന

LIBRARY ARCHIVES Kerala Legislative Assembly

മാക്കി മാറ്റുകയാണ് ചെയ്തത് എന്നാണ്. മെഡിക്കൽകോളേജിൽനിന്ന് സമരത്തിന്റെ നോട്ടിസ് തന്നിട്ടില്ല; ഗവൺമെന്റിന് ഇതുവരെ നോട്ടീസ് കിട്ടിയിട്ടില്ല. തിരുവനന്തപുരം മെഡിക്കൽകോളേജിലെ കെ.ജി.എം.സി.ടി.എ. യിലെ ചില അദ്ധ്യാപകർ ഒ.പി. പ്രവർത്തിപ്പിക്കില്ലെന്ന് സ്റ്റേറ്റ്മെന്റ് ഇറക്കിയിട്ടുണ്ട്; കാഷ്വാലിറ്റിയും മറ്റ് കാര്യങ്ങളും നടക്കുന്നുണ്ട്. മറ്റൊരു മെഡിക്കൽ കോളേജിലും ഈ രീതിയിൽ സമരം നടത്തുന്നുമില്ല, ഇത് രണ്ടുമാണ് പുതിയ സംഭവവികാസങ്ങളായി പറയാനുള്ളത്. ഹൈക്കോടതിയെ സംബന്ധിച്ചിടത്തോളം, Kuzhikode Unsa Progressive Womens Forum കൊടുത്തിട്ടുള്ള പെറ്റിഷന്റെ അടിസ്ഥാനത്തിലാണ് കോടതിയിൽനിന്ന് ജഡ്ജ്മെന്റ് വന്നത്. ആ ജഡ്ജ്മെന്റിൽ ഗവൺമെന്റിനോട് വീണ്ടും Consultative talk നടത്തണമെന്ന് ആവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് സെക്രട്ടറിയെ വിളിച്ച് ഞങ്ങൾ ചർച്ചചെയ്തു; സെക്രട്ടറിയ്ക്ക് ആവശ്യമായ നിർദ്ദേശം കൊടുത്തിരുന്നു. സാധാരണ രീതിയിൽ ഹൈക്കോടതിയിൽനിന്ന് അറിയിപ്പ് കിട്ടിയാൽ സ്വീകരിക്കേണ്ട നിയമപരമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഈ സമരം ഒത്തുതീർപ്പാക്കണമെന്ന് ഗവണ്മെന്റിന് ആഗ്രഹമുള്ളതുകൊണ്ടാണ് ഗവൺമെന്റ് പല കാര്യങ്ങളിലും വിട്ടുവീഴ്ചയ്ക്ക് തയ്യാറായത്. അക്കാര്യം ഹൈക്കോടതിയുടെ ജഡ്ജ്മെന്റിൽ പറഞ്ഞിട്ടുണ്ട്. ഗവണ്മെന്റിന് ഈ കാര്യത്തിലുള്ള അകൽച്ച ചുരുങ്ങിവന്നിട്ടുണ്ട്. ഈ രണ്ടുകാര്യങ്ങളും ചെയ്യരുതെന്നാണ് ഹൈക്കോടതിയുടെ റിമാർക്സ്.

ജഡ്ജ്മെന്റിൽ പറഞ്ഞതനുസരിച്ച് 12-ാം തീയതി ചർച്ചനടത്തണമെന്നാണ്. എന്നാൽ ഗവൺമെന്റ് ഈ കാര്യത്തിൽ വളരെയധികം സൻമനസ്സ് കാണിച്ചുവെന്ന രീതിയിൽ അകൽച്ച കുറഞ്ഞിട്ടുണ്ടെന്ന് ഹൈക്കോടതിയുടെ റിമാർക്സിൽ പറഞ്ഞിട്ടുണ്ട്. ജഡ്ജ്മെന്റിന്റെ കോപ്പി എന്റെ കൈവശമുണ്ട്, അത് ഇവിടെ വായിക്കുന്നില്ല. മെഡിക്കൽകോളേജുകളെ സംബന്ധിച്ചിടത്തോളം 35 ശതമാനത്തോളം പേഷ്യന്റിന്റെ കുറവുണ്ട്. അതേസമയം ജനറൽ ആശുപത്രിയിലും ഡിസ്ട്രിക്ട് ആശുപത്രികളിലും രോഗികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. പകരം സംവിധാനമുണ്ടാക്കാൻ ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിലെ ഡോക്ടർമാരെ സംബന്ധിച്ചിടത്തോളം അവർക്ക് പി.ജി. സ്റ്റുഡന്റ്സിന്റെ സഹായം കിട്ടാത്തതുകൊണ്ട് കൂടുതൽ കഠിനാദ്ധ്വാനം ചെയ്യുന്നു എന്നുള്ളത് വസ്തുതയാണ്. എമർജൻസി വാർഡിൽ ധാരാളം രോഗികൾ ഒന്നിച്ച് പല ആക്സിഡന്റുകളിലുംപെട്ട് വന്നപ്പോൾ പരാതിയില്ലാത്ത രീതിയിൽത്തന്നെ ചികിത്സാസംവിധാനം ലഭ്യമാക്കിയിട്ടുണ്ട്, പത്രങ്ങളെല്ലാം അത് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. ഡോക്ടർമാരുടെ പ്രവർത്തനത്തെ അത് കുറച്ച് ബാധിച്ചിട്ടുണ്ട്. അത് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിൽ രണ്ടാമത് ചർച്ചചെയ്യേണ്ട രീതിയിലുള്ള ഒരു അന്തരീക്ഷം ഇപ്പോൾ അവിടെ നിലനില്ക്കാത്തതുകൊണ്ട് ഈ സഭയുടെ അവസാനത്തെ ദിവസം സഭ നിശ്ചയിച്ച രീതിയിലുള്ള പരിപാടികളുമായി പോകുന്നതായിരിക്കും ശരിയെന്ന് തോന്നുന്നത്. അല്ലാതെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി കേട്ടപ്പോൾ ഈ സഭാതലത്തിൽ എല്ലാപേരോടും ഒപ്പം ഞാനും അതീവ ദു:ഖത്തിലാണ്ടു. കേരളത്തിലെ ഒരു മന്ത്രി വലിയ പ്രായമില്ലെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

സീനിയറായിട്ടുള്ള ഒരു രാഷ്ട്രീയനേതാവ്, കേരളത്തിൽ ആരോഗ്യമേഖല യിൽ നിലനിൽക്കുന്ന ഗുരുതരാവസ്ഥയെ എത്ര ലാഘവബുദ്ധിയോടുകൂടി യാണ് കണ്ടത്! ഇവിടെ ഞങ്ങൾ ഏതെങ്കിലും ചോദ്യമോ സബ്മിഷനോ മറ്റോ ഉന്നയിച്ചാൽ മറുപടി പറയേണ്ടത് മന്ത്രിമാരാണ്. ഒരു വിവരം പറഞ്ഞാൽ മന്ത്രിമാർ കളിയാക്കിയാണ് മറുപടി പറയുന്നത്, ഞാൻ ഒരു മെഡിക്കൽ വിദ്യാർത്ഥി ആയിരുന്നില്ല. ഞാൻ ഒരു സിനിമ എക്സ്പെർട്ട് അല്ല. എന്നാൽ വിവരം അറിയാനുള്ള തൃഷ്ണ എനിക്കുണ്ട്. ബഹുമാന പ്പെട്ട ടി.കെ. രാമകൃഷ്ണൻ ഉൾപ്പെടെയുള്ള ആളുകൾ 'കാർത്തികേയന് സിനിമയെക്കുറിച്ച് എന്തറിയാം, കാർത്തികേയന് പുസ്തകത്തെക്കുറിച്ച് എന്തറിയാം, വിവരമുണ്ടോ' എന്നു പറഞ്ഞുനിറുത്തുകയാണ്. ഗൗരവതരമാ യ ഒരു കാര്യം അവതരിപ്പിച്ചു സംസാരിച്ചുകഴിയുമ്പോൾ മറുപടി പറയുന്ന മന്ത്രിമാർ, പറയുന്ന ആളുകൾക്ക് വിവരമുണ്ടോ എന്ന് ചോദിച്ചുകൊണ്ട് അവസാനിപ്പിക്കുന്നത് ഈ സഭാതലത്തിൽ വന്നതുകൊണ്ടാണ് ഇക്കാര്യം ഞാൻ സൂചിപ്പിച്ചത്. ശ്രീ. എ.സി. ഷൺമുഖദാസ് ഇത് പറയുമെന്നുള്ളതു കൊണ്ടല്ല. ഇങ്ങനെ പറയാറുണ്ട്. സഭയുടെ കിഴ്വഴക്കത്തിന് അത് യോജി ച്ചതല്ല. ഈ ഗവൺമെന്റ് ക്രൈസിസ് മനേജ്മെന്റിൽ പരാജയപ്പെട്ടിരി ക്കുന്നു, കേരളത്തിൽ ഒരു ക്രൈസിസ് ഇല്ലേ? ചികിത്സാരംഗത്ത് മെഡി ക്കൽകോളേജിന്റെ പ്രവർത്തനം പരിപൂർണ്ണമായി സ്തംഭിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ അതിനെക്കുറിച്ച് ഇവിടെ ചർച്ചചെയ്യേണ്ട ആവശ്യമി ല്ലായെന്ന് ഒരു മന്ത്രി പറഞ്ഞാൽ ക്രൈസ്സിസിനെ നേരിടുവാനുള്ള ത്രാണി ശുദ്ധമായ മലയാളഭാഷയിൽ പറഞ്ഞാൽ ഈ ഗവൺമെന്റിനില്ല എന്നുള്ള താണ്. ഒരു കളിത്തോക്കും മൂന്ന് നൂൽപ്പന്തുകളും കൊണ്ട് സംസ്ഥാന ഗവൺമെന്റിനെ ആകാശത്തിൽ അമ്മാനമാടിയ മൂന്ന് ചെറുപ്പക്കാർ, അത് കണ്ട് അന്തംവിട്ട് നിന്ന കേരളത്തിന്റെ അഡ്മിനിസ്ട്രേ ഷൻ, അതാണ് എന്റെ മനസ്സിലേയ്ക്ക് വന്നത്. കേവലം ഒരു കളിത്തോക്കും മൂന്ന് നൂൽപ്പന്തുകളും, അതിനേക്കാൾ ശക്തിയുള്ള മെഡിക്കൽകോളേ ജിലെ കുറെ അദ്ധ്യാപകരും വിദ്യാർത്ഥികളും സമരം ചെയ്യുമ്പോൾ നിങ്ങൾ എന്താണ് നേടുക? പൊളിറ്റിക്കൽ ലീഡർഷിപ്പോടുകൂടി അധികാരത്തിൽ വരുന്ന ഗവൺമെന്റിന് (പ്രതിപക്ഷം പല കാര്യങ്ങളിലും എതിർക്കും) എല്ലാ പ്രതിസന്ധികളേയും അതിജീവിക്കാനുള്ള ഇച്ഛാശക്തി വേണം. മന്ത്രിമാർ ആവർത്തിച്ചു പറയുന്ന ഇച്ഛാശക്തി ഗവൺമെന്റിന് ഇല്ല; ക്രൈസിസ് മാനേജ്മെന്റ് ഈ ഗവണ്മെന്റിന് ഇല്ല. ഒരു രാജ്യത്തെ അല്ലെ ങ്കിൽ ഒരു സംസ്ഥാനത്തെ രോഗികളോട് യുദ്ധം പ്രഖ്യാപിക്കുന്നത് ശരിയാണോ? 18-ാം നൂറ്റാണ്ടിലെ മുതലാളിമാരും അന്നത്തെ കാടത്തസ്വഭാവമുള്ള അധികാരികളും സമരക്കാരെ നേരിടുന്നതുപോലെ കള്ളം പറഞ്ഞുകൊണ്ടാണ് ഈ ഗവൺമെന്റ് നേരിടുന്നത്. പബ്ലിക് റിലേ ഷൻസ് ഡിപ്പാർട്ട്മെന്റ് മുഖാന്തിരം പണിമുടക്കിൽനിന്നും തിരിച്ചു കയറിയ ആളുകളുടെ കള്ളക്കണക്ക് പറഞ്ഞുകൊണ്ട് വളരെ കാടത്ത സ്വഭാവത്തിൽ പഴയ പാരമ്പര്യസ്വഭാവത്തിൽ ഈ ഗവൺമെന്റ് ഈ സമരത്തെ നേരിടുന്നു. നിങ്ങൾ ഈ കാര്യം മനസ്സിലാക്കണം. സമരം ചെയ്യുന്ന അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുംവേണ്ടി മാത്രമാണ് ഇവിടെ ഞങ്ങൾ ശബ്ദമുയർത്തുന്ന തെന്ന് തെറ്റിദ്ധരിക്കണ്ട. ഇവിടെ സമരംമൂലം കേരളത്തിലെ ചികിത്സാരം ഗത്ത് വന്നിരിക്കുന്ന പ്രതിസന്ധി ഉത്തരവാദിത്വബോധത്തോടുകൂടി കേരള ത്തിലെ രാഷ്ട്രീയ നേതൃത്വം ഏറ്റെടുത്തിരിക്കുന്നതിന്റെ ഭാഗമെന്നനിലയി ലാണ് ഞങ്ങൾ ഇത് ഇവിടെ അവതരിപ്പിക്കുന്നത്. അതോടൊപ്പം മെഡി

LIBRARY ARCHIVES Kerala Legislative Assembly

ക്കൽ കോളേജിലെ വിദ്യാർത്ഥികളുടെ ചില പ്രശ്നങ്ങൾ കൂടിയുണ്ട്. രോഗികൾ എവിടെയാണ് പോകുന്നത്? ബഹുമാനപ്പെട്ട മന്ത്രി ഒരു കാര്യം പറഞ്ഞു. വലിയ തമാശയാണ്. സമരം പരാജയമാണ് എന്ന്. ധാരാളം രോഗികൾ വരുന്നുവെന്ന് ഇപ്പോൾ പറയുന്നു. മെഡിക്കൽ കോളേജിൽ രോഗികൾ കുറവാണെങ്കിലും താലൂക്കാശുപത്രിയിൽ രോഗികൾ കൂടുതലാണെന്ന്. നിലവിലുള്ള താലൂക്കാശുപത്രികളുടെ സംവിധാനമെന്താണ്? മെഡിക്കൽകോളേജിൽ പോകുന്നവർക്ക് എത്രത്തോളം സൗകര്യങ്ങളുണ്ട്. ചില പത്രങ്ങളുടെ പേരു കേട്ടാൽ നിങ്ങൾക്കു കലിവരും. അതുകൊണ്ട് ഞാൻ കേരളകൗമുദി കോട്ടു ചെയ്യുന്നു. കേരളകൗമുദിയോട് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് എന്താണ്? മെഡിക്കൽ കോളേജ് ആശുപത്രിയിൽ രോഗികളുടെ എണ്ണം കുറഞ്ഞപ്പോൾ ജില്ലാ താലൂക്കാശുപത്രിയിൽ രോഗികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട് എന്നാണ്. ഞാൻ ഒരു എക്സ്പെർട്ട് അല്ല. പക്ഷെ താലൂക്കാശുപത്രികളിൽ ചെല്ലുന്ന രോഗികളെ റഫർ ചെയ്തു വിടുന്നത് മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്കാണ്. താലൂക്കാശുപത്രികളിലും ജില്ലാ ആശുപത്രികളിലും ചികിത്സിക്കാൻ കഴിയാത്ത രോഗികളുണ്ട്. ഡോ. കെ.സി.ജോസഫ് ഇവിടെയുണ്ടല്ലോ. ഡോ. എം.കെ. മുനീർ വന്നിട്ടില്ല. കൂടുതൽ പരിചരണം ആവശ്യമുള്ള രോഗികളെയാണ് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് റഫർ ചെയ്യുന്നത്. മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോകുന്ന രോഗികൾ തിരിച്ച് താലൂക്കാശുപത്രികളിൽ വരുന്നുവെന്നു പറയാൻ നാണമില്ലേ? ആരാണ് മെഡിക്കൽ കോളേജിൽ ചികിത്സിക്കുന്നത്? ഇവിടെ ഡോ. എം.എ. കുട്ടപ്പൻ ഉണ്ടല്ലോ. ശ്രീ. കടകംപള്ളി സുരേന്ദ്രന് ചിരിവരും. പാവപ്പെട്ടവൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോകുമ്പോൾ സമ്പത്തുള്ളവൻ കേരളത്തിലെ ഫൈവ്സ്റ്റാർ ആശുപത്രികളിൽപോകും. അവർക്ക് ഇതൊന്നും പ്രശ്നമില്ല. പക്ഷെ താലൂക്കാശുപത്രികളിലും ജില്ലാ ആശുപത്രികളിലും പോയി റഫറൻസ് വാങ്ങി മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോകുന്ന രോഗികളെ അവിടെ ചികിത്സിക്കാതെ തിരിച്ച് താലൂക്കാശുപത്രികളിൽ വരണമെന്ന് ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി, നിങ്ങൾക്കുമാത്രമേ പറയാൻ കഴിയൂ. പിന്നെ ഹൈക്കോടതി വിധിയുടെ കാര്യം, ഹൈക്കോടതി വിധിയെ നിങ്ങൾ അട്ടിമറിച്ചിരിക്കുന്നു. നിങ്ങൾ ഇടക്കിടക്ക് കോടതിക്കുവേണ്ടി പറയും, അല്ലാതെയും പറയും. ബഹുമാനപ്പെട്ട ടി. ശിവദാസമേനോനും ബഹുമാനപ്പെട്ട ടി.കെ. രാമകൃഷ്ണനുമൊക്കെ വളരെ സീനിയർ നേതാക്കന്മാരല്ലേ? കേരള ഗവൺമെന്റിനുവേണ്ടി ഹൈക്കോടതിയിൽ പെറ്റിഷൻ കൊടുക്കുന്നതാരാണ്? ചീഫ് സെക്രട്ടറി, അല്ലെങ്കിൽ സെക്രട്ടറിമാർ. ഹൈക്കോടതിയുടെ ഒരു റഫറൻസിൽ കോടതിയുടെ ഒരു ഡയറക്ഷൻ കേരളത്തിലെ മുഖ്യമന്ത്രിക്ക് വരുമോ? ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്കും ബഹുമാനപ്പെട്ട ടി.കെ. രാമകൃഷ്ണനും വരുമോ? സ്വാഭാവികമായിട്ടും കോടതിയുടെ ഡയറക്ഷൻ വരുന്നത് ഈ ഗവൺമെന്റിനുവേണ്ടിയുള്ള ചീഫ് സെക്രട്ടറിക്ക് അല്ലെങ്കിൽ സെക്രട്ടറിമാർക്ക് ആണ്. അതിന്റെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് ഹൈക്കോടതിയുടെ ഡയറക്ഷൻ പറഞ്ഞ് സമരം അവസാനിപ്പിക്കണം. അതിന്റെ അർത്ഥം ശ്രീ. വിജയചന്ദ്രൻ എന്ന സെക്രട്ടറിയേയും ശ്രീ. ഉമാദത്തൻ എന്ന മെഡിക്കൽ ഡയറക്ടറെയും മാത്രം വിളിച്ച് ചർച്ചചെയ്യണമെന്നാണോ? ഇവിടെ ധനകാര്യവകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോനും ശ്രീ. പി.ജെ. ജോസഫും ശ്രീ.എ.സി. ഷൺമുഖദാസും ശ്രീ. ഇ. ചന്ദ്രശേഖരൻനായരും അടങ്ങുന്ന, ക്യാബിനറ്റിലെ 4

LIBRARY ARCHIVES Kerala Legislative Assembly

സീനിയർ മെമ്പർമാർ അടങ്ങുന്ന ക്യാബിനറ്റ് സബ് കമ്മിറ്റി ചർച്ച ചെയ്താൽ തീരാത്തത് ആണോ നിങ്ങൾ രണ്ട് ഉദ്യോഗസ്ഥൻമാരെക്കൊണ്ട് തീർപ്പിക്കുന്നത് എന്താണ്? നിങ്ങൾ ആളുകളെ കളിയാക്കുകയാണോ? ആളുകളെ പരിഹസിക്കുകയാണോ? കേരളത്തിലെ ഈ ഗുരുതരാവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി സാധാരണഗതിയിൽ കോടതി ഒരു ഡയറക്ഷൻ പറഞ്ഞപ്പോൾ കോടതിവിധിയെ അട്ടിമറിക്കുന്നതിനും കോടതിയെ കളിയാക്കുന്നതിനും കേരളത്തിലെ ജനങ്ങളെ പരിഹസിക്കുന്നതിനുംവേണ്ടി അങ്ങ് ചർച്ച ചെയ്യാമെന്നു പറഞ്ഞിട്ട്, ക്യാബിനറ്റിന്റെ സബ് കമ്മിറ്റിയിൽ ഉൾപ്പെട്ട ശ്രീ. ടി. ശിവദാസമേനോനെപ്പോലുള്ള സീനിയർ നേതാവിന് ചർച്ചചെയ്ത് പരിഹരിക്കാൻ കഴിയാത്ത കാര്യങ്ങൾ രണ്ട് ഉദ്യോഗസ്ഥന്മാർക്ക് പരിഹരിക്കാൻ കഴിയുമോ? ഹൈന്ദവർ അമ്പലത്തിൽ പോകുന്നു. അമ്പലത്തിൽപോയി പൂജാരിയോട് പറയും. പൂജാരിയാണ് ശ്രീ. ടി. ശിവദാസമേനോൻ. ശ്രീ. ജി. കാർത്തികേയൻ നക്ഷത്രം പറഞ്ഞിട്ട് ഒരുപാട് കാര്യങ്ങളുണ്ട്, പരിഹരിച്ചുതരണമെന്നു പറയും. പുഷ്പാർച്ചന നടത്തുന്ന ജോലിയാണ് പൂജാരിക്ക്. ദൈവമാണ് പ്രസാദിക്കുന്നത്. ഇവിടെ പൂജാരിയുടെ റോൾ ആണ്. നിങ്ങൾ തീരുമാനിക്കേണ്ട കാര്യങ്ങൾ സബോർഡിനേറ്റ്സായ രണ്ട് ഉദ്യോഗസ്ഥന്മാരെ ഏൽപ്പിച്ചു, ഞാൻ ആരോപിക്കുകയല്ല, ഞാൻ ഇവിടെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഇത് കോടതിവിധിയെ അട്ടിമറിക്കുന്നതാണ്. ഈ സമരത്തെ വളരെ നിസ്സാരമായി നിങ്ങൾ കണ്ടതുകൊണ്ടാണ്. ഇവിടെ ഒരു കണക്കു വന്നല്ലോ. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 412 പി.ജി. വിദ്യാർത്ഥികളുണ്ട്. 200 ഹൗസ് സർജന്മാർ ഉണ്ട്. 300 പി.ജി. വിദ്യാർത്ഥികൾ ജോലിക്കു ഹാജരായെന്ന് ഇന്നലെ പത്രത്തിൽ വാർത്ത വന്നു. ഞാൻ വെല്ലുവിളിക്കുന്നില്ല. വിനയപുരസരം അഭ്യർത്ഥിക്കുന്നു. അതിൽ 10 ഹൗസ് സർജന്റെ പേരുകൾ തരാൻ നിങ്ങൾ തയ്യാറാണോ? 10 പി.ജി. വിദ്യാർത്ഥികളുടെ പേര് തരാമോ? ഈ സബ് കമ്മിറ്റിയിലെ ആർക്കെങ്കിലും ആ മെഡിക്കൽ കോളേജ് സന്ദർശിക്കാൻ കഴിയുമോ? 412 പി.ജി. വിദ്യാർത്ഥികളിൽ 300 പേർ ഈ സമരം പിൻവലിച്ചുവെങ്കിൽ സമസ്താപരാധങ്ങളും പറഞ്ഞ് മാപ്പ് ചോദിക്കാൻ ഞങ്ങൾ തയ്യാറാണ്. ഞങ്ങൾ മനഃപൂർവ്വം ഇഷ്യൂ ഉണ്ടാക്കാൻ നിൽക്കുന്നുവെന്നാണോ? നിങ്ങൾക്ക് 10 പേരുടെ പേരു തരാൻ കഴിയുമോ? സാധാരണഗതിയിൽ കാഷ്വാലിറ്റിയിൽ 20 ഡോക്ടർമാർ വേണം. കാഷ്വാലിറ്റിയിൽ നിൽക്കുന്നത് എപ്പോഴും പി.ജി. വിദ്യാർത്ഥികളും ഹൗസ് സർജൻമാരുമാണ്. നമ്മുടെ നാട്ടിലെ പൂരപ്പറമ്പിൽ കാണുന്നതിനേക്കാൾ ആളുകളെ മെഡിക്കൽ കോളേജിലെ ഒ.പി.യിൽ പോയാൽ കാണാം. ഫൈവ്സ്റ്റാർ ഹോസ്പിറ്റലിൽ പോകുന്ന നിങ്ങൾക്ക് ഇത് മനസ്സിലാകില്ല. ഇടയ്ക്കിടയ്ക്ക് മെഡിക്കൽ കോളേജ് ഒ.പി.യിൽ പോകണം. പി.ജി. വിദ്യാർത്ഥികളും ഹൗസ് സർജൻമാരുമാണ് മെഡിക്കൽ കോളേജിലെ ഒ.പി.-യിലും കാഷ്വാലിറ്റിയിലുമിരിക്കുന്നത്. കറങ്ങിത്തിരിഞ്ഞ് 4 റൗണ്ടിലായിട്ട് 20 പേർ കാഷ്വാലിറ്റിയിൽ വേണം. സാധാരണ ഒ.പി. കൈകാര്യം ചെയ്യുന്നത് പി.ജി. വിദ്യാർത്ഥികളും ഹൗസ് സർജൻമാരുമാണ്. അവർ സമരത്തിലായപ്പോൾ അദ്ധ്യാപകരെ ഏൽപിച്ചു. അതാണിവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. മാതൃഭൂമി പത്രത്തിൽ ഇതു സംബന്ധിച്ച് പറഞ്ഞിരിക്കുന്നു. ഇത് ഡോ.എ. നീലലോഹിതദാസൻ നാടാർക്കുകൂടി പങ്കാളിത്തമുള്ള പത്രമാണ് മാതൃഭൂമി. ചില പത്രങ്ങൾ കണ്ടാൽ കലികയറുമല്ലോ. അതുകൊണ്ടാണ്. ഈ പ്രതികൂലസാഹചര്യത്തിൽ പരമാവധി

LIBRARY ARCHIVES Kerala Legislative Assembly

ജോലിചെയ്യുന്ന ഡോക്ടർമാർക്കെതിരെ ശിക്ഷണനടപടികൾക്ക് അധികാരികൾ മുതിരുകയാണെങ്കിൽ മെഡിക്കൽ കോളേജ് അദ്ധ്യാപകർ സമരംചെയ്യാൻ നിർബന്ധിതരാകുമെന്ന് സംഘടനയുടെ സംസ്ഥാന പ്രസിഡന്റ് ഡോ. നന്ദകുമാറിന്റെ പ്രസ്താവനയിൽ പറയുന്നു. ഒ.പി. നോക്കിക്കൊണ്ടിരിക്കുന്ന പി.ജി. വിദ്യാർത്ഥികൾ സമരമായപ്പോൾ പകരമായി അദ്ധ്യാപകരെ നിയോഗിച്ചു. ഒ.പി.യിൽ മെഡിക്കൽ കോളേജിലെ പി.ജി. വിദ്യാർത്ഥികളും ഹൗസ് സർജൻസും ഇല്ല. അദ്ധ്യാപകർകൂടി സമരംചെയ്താൽ ഒ.പി. വിഭാഗത്തിൽ ബഹുമാന്യനായ എ.സി. ഷൺമുഖദാസിന്റെ പാർട്ടിക്കാർ പോയി രോഗികളെ നോക്കുമോ? അത്ര നിസ്സാരമായി അല്ലേ നിങ്ങൾ ഇതിനെ കാണുന്നത്? പൂർണ്ണമായും ഇവിടത്തെ ചികിത്സാരംഗം സ്തംഭിച്ചു. ഇത്രത്തോളം ഗുരുതരമായ ഒരവസ്ഥ വന്നിട്ട് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്, ഇവിടെ അത്തരമൊരു ഗുരുതരാവസ്ഥ ഇല്ല എന്നാണ്. അങ്ങും ഇത് കേട്ടതാണ്. ഞാൻ ഒരുപാടു കാര്യം പറയുന്നില്ല. കേരളത്തിലെ ചികിത്സാരംഗം പൂർണ്ണമായും സതംഭിച്ചിരിക്കുന്നു. കേരളത്തിലെ ജനങ്ങൾ എവിടെ പോകും? "റോം കത്തിയെരിഞ്ഞപ്പോൾ നീറോ ചക്രവർത്തി വീണ വായിച്ചു". എന്നതൊക്കെ ആവർത്തനവിരസമായ കാര്യമാണെങ്കിൽപ്പോലും യഥാർത്ഥത്തിൽ ആ നിലയിൽ കേരളം കത്തിയെരിയുമ്പോൾ, മെഡിക്കൽ കോളേജിനകത്ത് പാവപ്പെട്ട രോഗികളും കുടുംബങ്ങളും അനാഥരായി നടക്കുമ്പോൾ, വീണവായിക്കുന്ന ഒരു ഗവൺമെന്റും അതിന് തംബുരുമീട്ടുന്ന ഒരു വകുപ്പുമന്ത്രിയുമാണ് ഇവിടെയുള്ളത് എന്നിട്ട് പറയുകയാണ്..... ഡെൽഹിയിൽ ചർച്ചവന്നാൽ മന്ത്രിമാർ പോകണം. ഡെൽഹിയിൽ മന്ത്രിമാർ ചർച്ചയ്ക്കു പോകുന്നത് നമുക്കുവേണ്ടി കൂടിയാണ്. പക്ഷെ ഓരോന്നിനും ഓരോന്നിനും ഓരോ പ്രയോറിറ്റിയുണ്ട്. അത്ര ഗുരുതരമായ പ്രശ്നമാണ്. ഇന്നലെ പ്ലാൻ ഫണ്ട് സംബന്ധിച്ച് ചർച്ചയുണ്ടായിരുന്നു. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു പോകണമായിരുന്നു. അദ്ദേഹം പോയി വേറെയാരും വേണ്ട ഞാൻ മാത്രം മതി എന്നു പറയുന്ന മുഖ്യമന്ത്രിയാണ്. ഒരാഴ്ചയ്ക്കു മുൻപ് ഡെൽഹിയിൽ ഒരു ചർച്ചനടന്നു. അത്ര നിർബന്ധമായിരുന്നോ? സമരം അവസാനിപ്പിക്കണമെന്ന് ഹൈക്കോടതിയുടെ ഡയറക്ഷൻ ഉണ്ടായപ്പോൾ മന്ത്രിമാർ പങ്കെടുക്കാതെ സെക്രട്ടറിമാരെവിട്ട ഈ മന്ത്രിക്ക് സമരംനടക്കുമ്പോൾ ഡെൽഹിയിലെ ചർച്ചയ്ക്ക് ആ സെക്രട്ടറിയെ വിട്ടാൽ പോരായിരുന്നോ? കേരളത്തിൽ ഒരു മെഡിക്കൽ സമരം നടക്കുമ്പോൾ ലാഘവത്തോടെ ഡെൽഹിയിൽപോയ മന്ത്രി ആ സമരത്തെ എങ്ങനെ കാണുന്നു? ഇവിടെ ഞാൻ ഒരു സി.ഐ.യുടെ കാര്യത്തിലേയ്ക്ക് വരുന്നില്ല. പക്ഷെ ഒരു കാര്യം ഇവിടെ ഇപ്പോൾ ശ്രീ. ടി.കെ. രാമകൃഷ്ണനുണ്ട്, ശ്രീ. ചന്ദ്രശേഖരൻനായരെ കാണുന്നില്ല. അന്ന് ശ്രീ. എ.സി. ഷൺമുഖദാസൊക്കെയുണ്ട്. കുറെ വർഷങ്ങൾക്കു മുൻപ് അഴിമതിയുമായി ബന്ധപ്പെട്ട് സ്പതകക്ഷി മന്ത്രിസഭയെ തകർത്ത ശ്രീ. എ.സി. ഷൺമുഖദാസ് ഉൾപ്പടെയുള്ള ആളുകൾ ഉണ്ട്. രാഷ്ട്രീയ ആരോപണമല്ല. കേരളത്തിലെ ജനങ്ങളേയും പാവപ്പെട്ട രോഗികളെയും സമരവുമായി ബന്ധപ്പെടുത്തിയത്. കേവലം ഒരു സർക്കിൾ ഇൻസ്പെക്ടറെ രക്ഷിക്കുന്നതിനുവേണ്ടിയാണ് എന്നു പറയുമ്പോൾ കേരളത്തിലെ ജനങ്ങൾ ലജ്ജകൊണ്ട് തല താഴുന്നു. ഞാൻ ദീർഘമായ കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. കേരളത്തിലെ ചികിത്സാരംഗത്ത് ഈ പ്രതിസന്ധി കൊണ്ടുവന്ന്, സമരരംഗംകൊണ്ടുവന്ന് അനാഥരായ പാവപ്പെട്ടവർക്ക് ചികിത്സ ലഭിക്കാനുള്ള മെഡിക്കൽ കോളേജിനെ സ്തംഭിപ്പിച്ച്

LIBRARY ARCHIVES Kerala Legislative Assembly

അതുവഴി കേരളത്തിലെ ഫൈവ് സ്റ്റാർ സ്വകാര്യ ആശുപത്രികൾക്ക് കൂടുതൽ ലാഭമുണ്ടാക്കുന്നതിനുവേണ്ടിയുള്ള അവസരം സൃഷ്ടിക്കുന്നത് ആരാണ്? ഇതിനേക്കാൾ ഗുരുതരമായ അവസ്ഥ കേരളത്തിലെപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ? വ്യക്തിക്കും സമൂഹത്തിനും രാഷ്ട്രത്തിനും പരമപ്രധാനം ആരോഗ്യമാണ്. ആ ആരോഗ്യരംഗം അതീവ ഗുരുതരമായി നിൽക്കുന്ന ഈ സന്ദർഭത്തിലല്ലാതെ എപ്പോഴാണ് ചർച്ചചെയ്യുന്നത്? അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് വിനയപുരസരം ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. എ.സി. ഷൺമുഖദാസ്</u> : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉദ്ധരിച്ച കാര്യങ്ങൾ വസ്തുതകൾക്ക് നിരക്കാത്തതാണ്. കെ.ജി.എം.സി.റ്റി.എ, പ്രസിഡന്റ് ഡോ. നന്ദകുമാറിന്റെ പത്രക്കുറിപ്പ് അദ്ദേഹം വായിച്ചു. അതിൽ പറയുന്നത് ടീച്ചേഴ്സിന്റെ പേരിൽ നടപടി എടുക്കാൻ പോയാൽ ഞങ്ങൾ സമരത്തിലേയ്ക്കു പോകും എന്നാണ്. ആ പ്രസ്താവന ഇപ്പോൾ വായിച്ചതാണ്. ഇപ്പോൾ അദ്ധ്യാപകരുടെ സമരമില്ല. ഉണ്ടെന്നുപറഞ്ഞാണ് ഇവിടെ അടിയന്തിരപ്രമേയം കൊണ്ടുവന്നിരിക്കുന്നത്. ഏതായാലും അവർ സമരം ചെയ്യുന്നുവെങ്കിൽ ഗുരുതരമായ അവസ്ഥയാണ്. ഈ പ്രശ്നത്തിന്റെ ഒരു ഭാഗം അവരാണ്. റസിഡൻഷ്യൽ സമ്പ്രദായം ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ചിടത്തോളം പുതിയ സമരമല്ല. പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയായിരുന്നപ്പോൾ ഒരു മാസത്തിലേറെ നീണ്ടുനിന്ന ഒരു സമരം പി.ജി സ്റ്റുഡന്റ്സ് ഇവിടെ നടത്തി. ആ സമരത്തിന്റെ ഒത്തുതീർപ്പ് ഓർഡർ എന്റെ കൈവശമുണ്ട്. ആ ഓർഡറിൽ എന്താണ് പറഞ്ഞിരിക്കുന്നതെന്നറിയാമോ? ഫസ്റ്റ്ഇയർ പി.ജി. സ്റ്റുഡന്റ്സിന് അന്ന് കിട്ടിക്കൊണ്ടിരുന്ന സ്റ്റൈപ്പന്റ് 1,650 രൂപ ആയിരുന്നു. അത് വർദ്ധിപ്പിച്ച് 1,875 രൂപ ആക്കി. 225 രൂപ വർദ്ധിപ്പിച്ചു. സെക്കന്റ് ഇയർ സ്റ്റുഡന്റ്സിന് 1,800 രൂപ ആയിരുന്നു. അത് 2,025 രൂപയാക്കി. 225 രൂപ വർദ്ധനവുണ്ടായി. തേഡ് ഇയർ 1,950 രൂപ എന്നത് 2,175 രൂപയാക്കി നമുക്ക് സാമ്പത്തിക ബാധ്യതയുണ്ട്. റിസർവേഷൻ തുടങ്ങിയ കാര്യങ്ങളെ ബാധിക്കുന്നതാണ്. നടപടികളുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളുണ്ട്. അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ക്യാബിനറ്റ് സബ് കമ്മിറ്റി അംഗങ്ങളും ദീർഘനേരം ചർച്ച ചെയ്തശേഷമാണ് ഞങ്ങൾ പ്രതിനിധികളെ ചർച്ചയ്ക്കു വിളിച്ചത്. ആ ചർച്ചയിൽ അവരുടെ ചില പ്രശ്നങ്ങൾ ഞങ്ങൾ കാണുന്നുവെന്നും അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാമെന്നും പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ആയിരം രൂപ അധികം കൊടുക്കാമെന്ന് ഉറപ്പുനൽകി. തെക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളിലുള്ള പി.ജി. വിദ്യാർത്ഥികൾക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന സംഖ്യയുടെ കണക്ക് എന്റെ കൈവശമുണ്ട്. ഞങ്ങൾ കൊടുത്തിട്ടുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിൽ 1-ാം വർഷ പി.ജി. വിദ്യാർത്ഥിക്ക് 3,642 രൂപ കിട്ടും. തമിഴ്നാട്ടിൽ അതിപ്പോൾ 2,500 രൂപയാണ്. കർണ്ണാടകയിൽ 3025-ഉം ആന്ധ്രയിൽ 3,148-ഉം ആണ്. 2-ാം വർഷ പി.ജി. വിദ്യാർത്ഥിക്ക് ഞങ്ങൾ കൊടുത്ത ഉറപ്പ് പ്രകാരം 3,861 രൂപ കിട്ടും. പ്രതിപക്ഷനേതാവിന്റെ ഭരണകാലത്ത് കൊടുത്തതിനേക്കാൾ ആയിരം രൂപ കൂട്ടി എന്നാണ് ഇതിന്റെ അർത്ഥം. തമിഴ്നാട്ടിൽ 2,500 രൂപയും കർണ്ണാടകയിൽ 3,125 രൂപയും ആന്ധ്രയിൽ 3,324 രൂപയുമാണ്. 3-ാം വർഷ പി.ജി. വിദ്യാർത്ഥിക്ക് ഞങ്ങൾ കൊടുത്ത ഉറപ്പു പ്രകാരം 4,081 രൂപ കിട്ടും. തമിഴ്നാട്ടിൽ അത് 2,500-രൂപയും കർണ്ണാടകയിൽ 3,225 രൂപയും ആന്ധ്രയിൽ 3,488 രൂപയുമാണ്. സൂപ്പർ സ്പെഷ്യാലിറ്റി വിദ്യാർത്ഥികൾക്ക് ഞങ്ങൾ കൊടുത്ത ഉറപ്പുപ്രകാരം 4,520 രൂപയും

LIBRARY ARCHIVES Kerala Legislative Assembly

തമിഴ്നാട്ടിൽ അത് 2,500 രൂപയും കർണ്ണാടകയിൽ 3,225 രൂപയും ആന്ധ്രയിൽ 3,848 രൂപയുമാണ്. ഞങ്ങൾ കൊടുത്ത ഉറപ്പു പ്രകാരം രണ്ടാം വർഷം 4,520 രൂപ കിട്ടും. തമിഴ്നാട്ടിൽ 2,500 രൂപയും കർണ്ണാടകയിൽ 3,225 രൂപയും ആന്ധ്രയിൽ 4,197 രൂപയുമാണ്. ഇതാണ് ഇന്നലെ ലഭിച്ച കണക്കു പ്രകാരം തെക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളിൽ പി.ജി. വിദ്യാർത്ഥികൾക്കു കിട്ടുന്ന സ്റ്റൈപ്പന്റ്. റസിഡൻഷ്യൽ സമ്പ്രദായം ഇൻഡ്യാ ഗവൺമെന്റ് ഇപ്പോഴും അംഗീകരിച്ചിട്ടില്ല. മെഡിക്കൽ അസോസിയേഷന്റെ ശുപാർശ മാത്രമാണ് ആട്ടോണമസ് ബോഡിയായി പ്രവർത്തിക്കുന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങൾ നടപ്പാക്കിയിട്ടുള്ളത്. റസിഡൻഷ്യൽ സമ്പ്രദായം നടപ്പാക്കണമെങ്കിൽ ഇവിടെയുള്ള എല്ലാ പി.ജി. വിദ്യാർത്ഥികൾക്കും 9,000 രൂപ വച്ച് കൊടുക്കണമെന്നാണ് അവരുടെ ആവശ്യം. ശ്രീ. എ.കെ. ആന്റണിയുടെ കാലത്തും ഈ ആവശ്യം ഇവിടെ ഉന്നയിച്ചു. അന്ന് 225 രൂപ വർദ്ധിപ്പിച്ചുകൊണ്ട് നിങ്ങൾ ഒത്തുതീർപ്പുണ്ടാക്കി. അതിനെത്തുടർന്ന് കാര്യങ്ങൾ വിശദമായി പഠിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ലക്ചറർ പോസ്റ്റ് നിർത്തലാക്കിക്കൊണ്ട് പി.ജി. വിദ്യാർത്ഥികളുടെ റസിഡൻഷ്യൽ സമ്പ്രദായം കൊണ്ടുവരാം എന്ന് ആ കമ്മിറ്റി ശുപാർശ ചെയ്തിരുന്നു. ലക്ചറർ പോസ്റ്റ് നിർത്തലാക്കാൻ പാടില്ല എന്ന് പറഞ്ഞ് കെ.ജി.എം.സി.റ്റി.എ. എന്ന അധ്യാപകസംഘടന നോട്ടീസ് തന്നിട്ടുണ്ട്. ശ്രീ. കാർത്തികേയൻ തന്ന നോട്ടീസ് അതിനാണ്. ഇത് നടപ്പാക്കുമ്പോൾ ലക്ചറർ പോസ്റ്റ് നിർത്തലാക്കാൻ പാടില്ല. അതിനെതിരായി സമര നോട്ടീസ് എന്ന് പറയാൻ വയ്യ. പക്ഷെ അവർ ഞങ്ങൾക്ക് നോട്ടീസ് നൽകിയിരുന്നു. അതുകൊണ്ട് അത് ഒരു കാരണവശാലും അംഗീകരിക്കുകയില്ല. അധ്യാപകരെകൂടി സമരത്തിലെത്തിക്കുകയാണ് ലക്ഷ്യമെങ്കിൽ....അവരെ ചർച്ചയ്ക്ക് വിളിച്ചു. ആദ്യം വിളിച്ചത് അവരെത്തന്നെയാണ്. ഏതായാലും കാര്യങ്ങൾ പഠിക്കണ്ടേ? ഒരു സബ്കമ്മിറ്റിയെ വച്ചു. എത്ര ദിവസമായി? കോടതി പറഞ്ഞതും ഞാൻ വായിക്കാം. ഹൈക്കോടതി ഗവൺമെന്റിനു മാത്രമല്ല നിർദ്ദേശം കൊടുത്തിരിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഹൈക്കോടതി വിധി ഒന്നു നോക്കേണ്ടതാണ്. എന്തുകൊണ്ട് ഹൈക്കോടതി വിധിയെ മാനിച്ചുകൊണ്ട് ചർച്ചയ്ക്ക് മന്ത്രിമാർ വിളിച്ചില്ല എന്നാണ് ചോദ്യം. ഗവൺമെന്റിന് നടപടികളുണ്ട്. നിയമത്തിന്റെ ഭാഷയും ഭരണഘടനാപരമായ ബാധ്യതയും രാഷ്ട്രീയലക്ഷ്യംവച്ച് ഞങ്ങൾ മറികടക്കണമെന്നു പറഞ്ഞാൽ, അത് നാളെ പാർലമെന്ററി ജനാധിപത്യത്തേയും ജുഡീഷ്യറിയുമൊക്കെ എങ്ങനെ ബാധിക്കുമെന്ന് ആലോചിച്ചുവേണം ശ്രീ. ജി. കാർത്തികേയൻ പറയാൻ. ഏതായാലും ഹൈക്കോടതി പറഞ്ഞിരിക്കുന്നത് ശ്രീ. ആര്യാടൻ മുഹമ്മദിന് മനസ്സിലാവുകയില്ല. ഞങ്ങൾക്ക് അത് മനസ്സിലാകും. കാരണം നിങ്ങളെ സംബന്ധിച്ചിടത്തോളം നിയമത്തിന്റെ ഭാഷ അപ്രധാനമാണല്ലോ. ഇവിടെ ഹൈക്കോടതി പറഞ്ഞ ഒരു വാചകം വായിച്ച് ഞാൻ അവസാനിപ്പിക്കാം.

" I also remind the striking doctors about the classical oath they have taken at the time of their entry to the profession. They should not treat this profession as a commercial venture, but must consider it as a great service to the humanity. Wisdom must also down on the striking doctors to see that the stirends as soon as possible, so that the patients should not suffer by their strike."

LIBRARY ARCHIVES Kerala Legislative Assembly

ഹൈക്കോടതിയുടെ ഡയറക്ഷൻ ഇതുകൂടിയുണ്ട്. ഗവൺമെന്റ് വാദിക്കേണ്ടത് ഗവൺമെന്റ് വാദിക്കും. സമരനേതാക്കൾ ഹൈക്കോടതിയുടെ സ്പിരിറ്റ് അല്ലെങ്കിൽ റിമാർക്സ് അംഗീകരിച്ചിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷത്തോട് ഞാൻ അഭ്യർത്ഥിക്കുന്നു, ഹൈക്കോടതിവിധിയെ നിങ്ങൾ മാനിക്കുന്നുവെങ്കിൽ ഈ striking ഡോക്ടേഴ്സിനോട് ഈ റിമാർക്സ് കൂടി പരിശോധിക്കാനും അതിന്റെയടിസ്ഥാനത്തിൽ തീരുമാനിക്കാനും ഉപദേശിക്കണം. നിങ്ങൾക്ക് ഇതിൽ പങ്കുണ്ടെന്ന് ഞാൻ പറയുകയില്ല. കാരണം നിങ്ങളുടെ കാലത്ത് 40 ദിവസം സമരം ചെയ്തിട്ടുള്ളവരാണ് ഇവർ. അക്കാര്യത്തിൽ നിങ്ങൾ എടുക്കേണ്ട നടപടികൾ നിങ്ങൾക്കറിയാം. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. അതുകൊണ്ട് ഗവൺമെന്റ് എടുക്കാവുന്ന പരമാവധി അനുകൂല നിലപാട് ഡോക്ടർമാരുടെ കാര്യത്തിൽ എടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വൈകിയവേളയിലെങ്കിലും ഈ സമരത്തിൽനിന്ന് പിൻമാറണമെന്ന് ജൂനിയർ ഡോക്ടർമാരോട് അപേക്ഷിക്കുന്നു. അവർ ഉന്നയിച്ച കാര്യങ്ങൾ വീണ്ടും പരിശോധിക്കാനും അതിന്റെ അടിസ്ഥാനത്തിൽ അവരുടെ പ്രശ്നങ്ങൾക്ക് ഗവൺമെന്റിന്റെ സാമ്പത്തിക പരിധിക്കുള്ളിൽനിന്ന് പരമാവധി പരിഹാരം കാണാനും മന്ത്രിസഭാ സബ്കമ്മിറ്റി ഉറപ്പുനൽകിയതുപോലെതന്നെ നടപടികളുമായി മുന്നോട്ടുപോകുമെന്ന് ഞാൻ ഉറപ്പുനൽകുന്നു. അതുകൊണ്ട് ഇക്കാര്യത്തിൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ലെന്ന് അറിയിക്കുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിരപ്രമേയാവതരണത്തിനുള്ള അനുമതി ചെയർ നിഷേധിക്കുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : ഇന്നലെയും മിനിഞ്ഞാന്നും ഈ അസംബ്ലി ഹാളിൽനിന്ന് ഇടയ്ക്ക് പുറത്തുപോകുന്ന അവസരത്തിൽ മെഡിക്കൽ കോളേജിൽ ചികിത്സയ്ക്കു വന്ന രോഗികൾ പലരും എം.എൽ.എ. മാരെ കാത്ത് പുറത്തുനിൽക്കുന്നത് കാണാമായിരുന്നു. അവർ കാത്തുനിന്ന എം.എൽ.എ. മാരെ കാണാതെ വന്നപ്പോൾ അവരിൽ ചിലർ എന്നെയാണ് സമീപിച്ചത്. മെഡിക്കൽ കോളേജിൽ സമരംനടക്കുന്നതിന്റെ ഫലമായി ചികിത്സാ സൗകര്യം ലഭിക്കാതെ അന്ധാളിച്ചുനിൽക്കുന്ന, വേദനിച്ചുനിൽക്കുന്ന, രോഗികളുടെ ബന്ധുക്കൾ എന്തെങ്കിലും സഹായം ലഭിക്കാൻ ഉറപ്പുണ്ടാകണമെന്ന് ഇന്നലെയും മിനിഞ്ഞാന്നും ഒന്നുരണ്ടുപേർ എന്നോട് ആവശ്യപ്പെട്ടു. ഇന്നലെ അങ്ങനെ കാത്തുനിന്ന രോഗികളെ ഞാൻ ശ്രീ. വിജയകുമാറിന്റെ അടുക്കൽ പറഞ്ഞയച്ചു. ശ്രീ. വിജയകുമാറിനോട്, ശ്രീ. പാലോട് രവിയെ അന്വേഷിച്ച് നിൽക്കുകയാണ് പോയി നോക്കാൻ ഞാൻ പറഞ്ഞു. കേരളത്തിന്റെ പല ഭാഗത്തുനിന്നും മെഡിക്കൽ കോളേജിൽ രോഗികളെ അഡ്മിറ്റ് ചെയ്യാൻ വന്ന രോഗികളുടെ ബന്ധുക്കൾ ഈ അസംബ്ലി ഹാളിനുചുറ്റും വട്ടംകറങ്ങുകയാണ്. ഈ ഗവൺമെന്റിന് ഈ പ്രയാസം മനസ്സിലാവുകയില്ല. കേരളത്തിലെ മെഡിക്കൽ കോളേജുകൾ സ്തംഭിക്കുക എന്നുപറഞ്ഞാൽ അതിന്റെ പ്രയാസം ഈ ഗവൺമെന്റിന് മനസ്സിലാകുന്നില്ല എന്നതിൽ ദുഃഖമുണ്ട്. ഇത്രയും പ്രധാനപ്പെട്ട ഒരു പ്രശ്നം ചർച്ചചെയ്യുമ്പോൾ, കേരളത്തിലെ മെഡിക്കൽ കോളേജ് സമരംമൂലം പതിനായിരക്കണക്കിന് രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഉണ്ടായിട്ടുള്ള അസൗകര്യങ്ങളെക്കുറിച്ച് ചർച്ച

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്ന അവസരത്തിൽ ഭരണകക്ഷിയിലെ എന്റെ ചില സുഹൃത്തുക്കൾ ഇത്രമാത്രം അസഹിഷ്ണുത കാണിക്കുന്നത് ഒട്ടും ശരിയല്ല. നിങ്ങൾ കുറച്ചുകൂടി ക്ഷമയും പക്വതയും കാണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

10 a.m.

ഈ സമരത്തിന്റെ ഫലമായി ഇന്ന് കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളും ഏതാണ്ട് സ്തംഭനത്തിലാണ്. ശ്രീ. ജി. കാർത്തികേയൻ ഇവിടെ സൂചിപ്പിച്ചതുപോലെ താലൂക്ക് ആശുപത്രിയിലേയും ജില്ലാ ആശുപത്രിയിലേയും ചികിത്സ കൊണ്ട് രോഗം ഭേദമാകാതെ വരുമ്പോൾ അവിടെ നിന്ന് റഫർ ചെയ്യുന്ന രോഗികളാണ് പ്രധാനമായും മെഡിക്കൽ കോളേജുകളിൽ വരുന്നത്. അത്യാസന്ന നിലയിലുള്ള രോഗികളും ഗുരുതരമായി രോഗം ബാധിച്ചവരുമാണ് മെഡിക്കൽ കോളേജുകളിൽ വരുന്നത്. മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം നിലച്ചാൽ അവർക്ക് പോകുവാൻ ഇടം എവിടെ? പിന്നെ അവർ പോകേണ്ടത് കൂടുതൽ ഫീസ് നൽകേണ്ട സ്വകാര്യ ആശുപത്രികളിലേയ്ക്കാണ്. അങ്ങനെ പണം കൊടുക്കുവാൻ അവരെക്കൊണ്ട് സാധിക്കുമോ? സ്വകാര്യ ആശുപത്രികളിൽ കൂടുതൽ ഫീസ് നൽകി അവിടെപ്പോയി ചികിത്സിക്കുവാൻ കഴിവുള്ള രോഗികൾ മെഡിക്കൽ കോളേജിൽ വരുമോ? അവർ സ്വകാര്യ ആശുപത്രികളിൽത്തന്നെ പോകും. സ്വകാര്യ ആശുപത്രികളിലെ സൗകര്യം അനുഭവിച്ചുകൊണ്ട് അവിടത്തെ ഡോക്ടർമാരുടെ ചികിത്സയിലൂടെ രോഗം ഭേദമാക്കുവാൻ കെൽപ്പുള്ളവർ, സമൂഹത്തിലെ ഉന്നതർ ആരും മെഡിക്കൽ കോളേജുകളിൽ പോകുകയില്ല. സ്വകാര്യ ആശുപത്രികളിലേ പോകുകയുള്ളൂ. മെഡിക്കൽ കോളേജുകളെ ആശ്രയിക്കുന്നവരിൽ ഭൂരിപക്ഷവും സ്വകാര്യ ആശുപത്രികളിൽ പോകുവാൻ കഴിവില്ലാത്തവരാണ്. മെഡിക്കൽകോളേജിൽ ചികിത്സാ സൗകര്യം നിഷേധിച്ചാൽ അവർക്ക് പോകുവാൻ ഇടമില്ല. ആ വസ്തുത മനസ്സിലാക്കുവാൻ ഭരണകക്ഷിയിലെ ചെറുപ്പക്കാരായ പല സുഹൃത്തുക്കൾക്കും കഴിയാതെ പോയിരിക്കുന്നു. തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം മെഡിക്കൽകോളേജുകളിൽ ചികിത്സാസൗകര്യം നിലച്ചാൽ, അവിടെ ഒ.പി. ഇല്ലാതെ വന്നാൽ, അവിടെ കിടത്തി ചികിത്സിക്കാതെ വന്നാൽ ആ രോഗികൾക്ക് പോകുവാൻ സൗകര്യമുള്ള വേറെ ആശുപത്രികളില്ല. അപ്പോൾ അവരെന്ത് ചെയ്യും? നിങ്ങൾ ഇതിനെക്കുറിച്ച് ആലോചിക്കണ്ടേ? അടിയന്തിരമായി ഈ സമരം അവസാനിപ്പിക്കുകയല്ലേ വേണ്ടത്? സമരം അവസാനിപ്പിക്കാൻ ഈ ഗവൺമെന്റ് എന്തുചെയ്തു? ഞാൻ അതിനെക്കുറിച്ച് പറയുന്നതിനുമുമ്പ് ശ്രീ. എ.സി. ഷൺമുഖദാസ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ ചില സൗകര്യങ്ങൾ സൂചിപ്പിച്ചതിനെപ്പറ്റി പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിദ്യാർത്ഥികൾ സ്റ്റൈപ്പന്റ് കൂട്ടുവാൻവേണ്ടി സമരം നടത്തി. അന്നത്തെ ആരോഗ്യവകുപ്പു മന്ത്രി ശ്രീ. വി.എം. സുധീരൻ പലവട്ടം അവരുമായി സംസാരിച്ചു. എന്നിട്ടും വീണ്ടും അവരുമായി ചർച്ചചെയ്ത് സമരം ഒത്തുതീർപ്പിലെത്തിച്ചു. അതിനു ശേഷം സ്റ്റൈപ്പന്റ് വർദ്ധിപ്പിച്ചു. മാത്രമല്ല, ആ ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിൽ സ്റ്റൈപ്പന്റ് ഉൾപ്പെടെ വിദ്യാർത്ഥികൾ മുന്നോട്ടുവച്ച കാര്യങ്ങൾ കുറെക്കൂടി വിശദമായി പരിശോധിച്ച് ഗവൺമെന്റിൽ ശുപാർശ സമർപ്പിക്കുവാൻവേണ്ടി ഒരു കമ്മിഷനെ നിയോഗിച്ചു. ആ കാര്യത്തിൽ ഞങ്ങൾ സ്വീകരിച്ച നിലപാട് അതാണ്. ഞാൻ മറ്റൊരു കാര്യംകൂടി പറയാം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിങ്ങൾ പരിയാരം മെഡിക്കൽ കോളേജിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പേരിൽ നഴ്സറി കുട്ടികളെകൊണ്ടുവരെ സമരം നടത്തിച്ചു. എസ്.എഫ്. ഐ. ഇറങ്ങി. നിങ്ങൾ എല്ലാപേരും കൂടെ ഇറങ്ങി. അന്ന് എന്റെ നേതൃത്വത്തിൽ ഉണ്ടായിരുന്ന ഗവൺമെന്റിലെ ആരോഗ്യ വകുപ്പുമന്ത്രി അര ഡസനിലധികം പ്രാവശ്യം സമരക്കാരുമായി സംസാരിച്ചു. എന്നിട്ട് സമരം തീരാതെ വന്നപ്പോൾ എന്റെ നേതൃത്വത്തിൽ കൃാബിനറ്റ് സബ് കമ്മിറ്റി, സമരക്കാരോടല്ല - ഇടതുപക്ഷ മുന്നണിയുടെ നേതാക്കന്മാരോട്, നിങ്ങളാണ് സമരം നയിച്ചത് - നിങ്ങളോട് പല റൗണ്ട് സംസാരിച്ച് സമരം ഒത്തുതീർപ്പിൽ എത്തിച്ചു. വിദ്യാർത്ഥികളോട് മാത്രമല്ല, സമരം ചെയ്ത ഇടതുപക്ഷ മുന്നണി നേതാക്കന്മാരെ വിളിപ്പിച്ച് മുഖ്യമന്ത്രിയും സഹമന്ത്രിമാരും ചർച്ചനടത്തി; തൃപ്തികരമായ രീതിയിൽ ആ സമരം അവസാനിപ്പിച്ചു. നിങ്ങളുടെ സമരം വിജയിച്ചു. അതാണ് ഞങ്ങൾ സ്വീകരിച്ച സമീപനം. നിങ്ങൾ എന്തു ചെയ്തു? ഈ പ്രശ്നം വിദ്യാർത്ഥികളുടേതാണ്. വിദ്യാർത്ഥികൾ സമരം ചെയ്തു. സമരം തീർന്നില്ല. വിദ്യാർത്ഥികളുമായുള്ള ചർച്ച ഒരു പ്രാവശ്യം പരാജയപ്പെട്ടു. അവിടംകൊണ്ട് അവസാനിപ്പിക്കാമോ? പിന്നെയും ചർച്ച വേണ്ടേ? മന്ത്രിമാർക്ക് ഇത്ര അഹങ്കാരം നല്ലതല്ല. ഈ ഗവൺമെന്റിന് ഇത്രയും അഹങ്കാരം നല്ലതല്ല. ആനപ്പുറത്തിരിക്കുമ്പോൾ കാണുന്ന പൊക്കം നിങ്ങളുടെ പൊക്കമല്ല. കുറച്ചുകൂടി എളിമ നിങ്ങൾക്ക് ഉണ്ടാകണം. അഹങ്കാരമെന്ന രോഗമാണ് നിങ്ങളെ ബാധിച്ചിരിക്കുന്നത്. വിദ്യാർത്ഥികളുടെ സമരമാണ്. ചർച്ച ഒന്നോ രണ്ടോ പ്രാവശ്യം പരാജയപ്പെട്ടാൽ, ഇനി ചർച്ചയില്ല - അതാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ പ്രസ്താവന. സ്റ്റെപ്പന്റ് കൂട്ടാം, പക്ഷെ സമരം പിൻവലിക്കണം. പണ്ട് ഈ രാജ്യത്തുണ്ടായിരുന്ന മാടമ്പിമാരുടെ സ്വരമാണ് ഇവിടെ കേൾക്കുന്നത്. സമരം പിൻവലിച്ചാൽ സ്റ്റൈപ്പന്റ് കൂട്ടാം, സമരം പിൻവലിച്ചാൽ കാര്യങ്ങൾ ആലോചിക്കാം. ഈ ഭാഷ ഉപയോഗിക്കുവാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ മന്ത്രിമാർ തയ്യാറായതിൽ എനിക്ക് ലജ്ജയുണ്ട്. നിങ്ങൾക്ക് എന്തുപറ്റി? നിങ്ങളുടെ സ്വരം മാറിയിരിക്കുന്നു. നിങ്ങളുടെ ഭാവം മാറിയിരിക്കുന്നു. ഹൈക്കോടതി എന്താണ് പറഞ്ഞത്? ഹൈക്കോടതി പറഞ്ഞു, സമരം അവസാനിപ്പിക്കണം എന്ന്. ഗവൺമെന്റിനോടും വിദ്യാർത്ഥികളോടും സമരം അവസാനിപ്പിക്കുവാനുള്ള മാർഗ്ഗം ആരായണമെന്ന് ഹൈക്കോടതി പറഞ്ഞു. ഹൈക്കോടതിയുടെ ആ നിർദ്ദേശത്തിന്റെ സ്പിരിറ്റിനെ ഈ ഗവൺമെന്റ് അട്ടിമറിച്ചില്ലേ? ഇങ്ങനെയാണോ ഹൈക്കോടതി പറഞ്ഞാൽ കേൾക്കേണ്ടത്? വിദ്യാർത്ഥികളും ഗവൺമെന്റും കൂടി ചർച്ചചെയ്ത് സമരം അവസാനിപ്പിക്കണമെന്ന് ഹൈക്കോടതി പറഞ്ഞപ്പോൾ നിങ്ങൾ വിദ്യാർത്ഥികളെ പ്രൊവോക്ക് ചെയ്യുകയല്ലേ ചെയ്തത്? നിങ്ങൾ സമരം അവസാനിപ്പിക്കുവാനുള്ള അന്തരീക്ഷം ഉണ്ടാക്കിയോ? ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഹൈക്കോടതി പറഞ്ഞതിൽ നിയമപരമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കോർട്ടലക്ഷ്യം ഉണ്ടാക്കാതിരിക്കുവാൻ സാങ്കേതിക അർത്ഥത്തിൽ നിങ്ങൾ എല്ലാം ചെയ്തു. നിങ്ങൾ വിദ്യാർത്ഥികളെ പ്രൊവോക്ക് ചെയ്യിക്കുകയാണ്. മെഡിക്കൽ വകുപ്പ് സെക്രട്ടറിയുമായി ചർച്ചനടക്കുന്നത് ആദ്യ റൗണ്ടിലാണ്. സാധാരണ ഗവൺമെന്റ് ചർച്ചകൾ എല്ലാം ആദ്യ റൗണ്ടിലാണ്. സെക്രട്ടറുമായി ചർച്ച ആദ്യ റൗണ്ടിൽ, ലേബർ കമ്മിഷണറുമായി ചർച്ച ആദ്യ റൗണ്ടിൽ. അതൊക്കെ പ്രാരംഭ ചർച്ചകളാണ്. സംസ്ഥാനാടിസ്ഥാനത്തിൽ സമരം അവസാനിപ്പിക്കുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ തൊഴിലാളിസമരം ആണെങ്കിലും വിദ്യാർത്ഥി പ്രക്ഷോഭണം ആണെങ്കിലും മറ്റ് ഏതു സമരം

LIBRARY ARCHIVES Kerala Legislative Assembly

ആണെങ്കിലും പ്രാഥമിക ചർച്ചകൾക്കുശേഷം അവസാനം ഒത്തുതീർപ്പ് ചർച്ച നടക്കുന്നത് മുഖ്യമന്ത്രിയുടെയോ വകുപ്പുമന്ത്രിയുടെയോ സാന്നിദ്ധ്യത്തിലാണ്. അതാണ് ഇവിടത്തെ കീഴ്വഴക്കം. ഹൈക്കോടതി ഈ സമരം അവസാനിപ്പിക്കുവാൻ നിങ്ങളോട് ചർച്ച ആവശ്യപ്പെട്ടു. നിങ്ങൾ ഹെൽത്ത് സെക്രട്ടറിയെ പറഞ്ഞയച്ചു. യഥാർത്ഥത്തിൽ ഈ സമരം അവസാനിപ്പിക്കുവാൻ ഹൈക്കോടതിയുടെ ഡയറക്ഷൻ അനുസരിച്ച് ചർച്ചയ്ക്ക് നേതൃത്വം കൊടുക്കേണ്ടത് ബഹുമാന്യനായ മുഖ്യമന്ത്രി ആയിരുന്നു. അദ്ദേഹം സ്ഥലത്തില്ല. അദ്ദേഹം പദ്ധതി ചർച്ചയ്ക്കുവേണ്ടി ഡെൽഹിയിൽപ്പോയി. അതുകൊണ്ട് അദ്ദേഹത്തിന് ഇന്നലെ ചർച്ചയിൽ പങ്കെടുക്കുവാൻ കഴിഞ്ഞില്ല. ഞാൻ അദ്ദേഹത്തെ കുറ്റപ്പെടുത്തുന്നില്ല. പക്ഷെ ഹൈക്കോടതി നിർദ്ദേശ പ്രകാരം ഇന്നലെ വിദ്യാർത്ഥി പ്രതിനിധികളുമായി ചർച്ച നടത്തേണ്ടത് ക്യാബിനറ്റ് സബ്കമ്മിറ്റിയോ, ആരോഗ്യവകുപ്പുമന്ത്രിയോ ആകണ്ടേ; ആ ചർച്ചയിൽനിന്ന് നിങ്ങൾ മനഃപൂർവ്വം വിട്ടുനിന്നത്, വിദ്യാർത്ഥികളെ പ്രൊവോക്ക് ചെയ്യിക്കുവാൻ വേണ്ടിയല്ലേ? നിങ്ങളുടെ കുറെ ആൾക്കാരെക്കൊണ്ട് വിദ്യാർത്ഥികളെ ഭീഷണിപ്പെടുത്തി സമരം പൊളിക്കാമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ എനിക്ക് അതിനെക്കുറിച്ച് ഒന്നും പറയുവാനില്ല. അതല്ല സൗമനസ്യത്തിന്റേയും മര്യാദയുടേയും സ്നേഹത്തിന്റേയും ഭാഷയിൽ കുട്ടികളുമായി സംസാരിച്ച് പ്രശ്നം തീർക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, ഹൈക്കോടതിയുടെ ആ നിർദ്ദേശത്തോട് നിങ്ങൾക്ക് ആദരവുണ്ടായിരുന്നുവെങ്കിൽ ഹെൽത്ത് സെക്രട്ടറിയുമായിട്ടല്ല ചർച്ച നടത്തേണ്ടിയിരുന്നത്. ഇന്നലെ ചർച്ച നടത്തേണ്ടിയിരുന്നത് മുഖ്യമന്ത്രിയുമായോ ക്യാബിനറ്റ് സബ് കമ്മിറ്റിയുമായോ ആയിരുന്നു. ആ സമരം തീരാൻ നിങ്ങൾ ആഗ്രഹിച്ചിരുന്നില്ല. നിങ്ങൾക്ക് എന്തോ ഒരു ദുഷ്ടലാക്കുണ്ട്. ആ സമരം ഇന്നലെ തീരേണ്ട എന്നു നിങ്ങൾ ആഗ്രഹിച്ചു. എന്താണ് നിങ്ങളെ പ്രേരിപ്പിച്ചതെന്നുള്ളത് കുറേ കഴിഞ്ഞ് പുറത്തുവരും. കുട്ടികളുടെ സ്വഭാവം നിങ്ങൾക്ക് അറിയില്ലേ? കുട്ടികളോട് നിങ്ങൾ നേരിട്ടു സംസാരിക്കുന്നതിനുപകരം ഹെൽത്ത് സെക്രട്ടറിയെ അയച്ചു. കുട്ടികളെ നിങ്ങൾക്ക് പ്രൊവോക് ചെയ്യിക്കണം; അവരെ അപമാനിക്കണം. അവരെ ഇൻസൾട്ട് ചെയ്യണം. അവർ പ്രതികരിക്കണമെന്നു നിങ്ങൾ ആഗ്രഹിച്ചു. എന്തൊ കാരണത്താൽ ഇന്നലത്തെ ചർച്ച നിങ്ങൾ പ്രഹസനമാക്കുകയായിരുന്നു. ചർച്ച പൊളിക്കാൻ നിങ്ങൾ ശ്രമിക്കുകയായിരുന്നു. ഇതു ദ്രോഹമായിപ്പോയി. ഇതിന്റെ ഫലം ആരാണ് അനുഭവിക്കുന്നത്? ഇതിന്റെ ഫലമായി അവസാനം രക്തസാക്ഷികളാകുന്നത് ആരാണ്? കേരളത്തിലെ പാവപ്പെട്ട രോഗികൾ, സ്വകാര്യ ആശുപത്രികളെ ആശ്രയിക്കാൻ നിവൃത്തിയില്ലാത്ത പതിനായിരക്കണക്കിന് വരുന്ന പാവപ്പെട്ട രോഗികൾ, നിങ്ങളുടെ മാടമ്പി സ്വഭാവത്തിന്റെ, നിങ്ങളുടെ അഹങ്കാരത്തിന്റെ ബലിയാടുകളായിരിക്കുന്നത് പാവപ്പെട്ട രോഗികളാണ്. നിങ്ങൾ പഴയ അദ്ധ്വാനിക്കുന്ന തൊഴിലാളിവർഗ്ഗത്തിന്റെ പ്രതിനിധികൾ അല്ല. നിങ്ങൾ ഇവിടെ കുഴിച്ചുമൂടിയ ജന്മിത്വത്തിന്റേയും മാടമ്പികളുടേയും പ്രതിനിധികളാണ്. അതുകൊണ്ടാണ് സമരം ചെയ്ത വിദ്യാർത്ഥികൾ സമരം പിൻവലിച്ചുകൊള്ളട്ടെ, തലേക്കെട്ടു കെട്ടിയവൻ തലേക്കെട്ട് അഴിച്ചുകൊള്ളട്ടെ, ഞങ്ങളോട് റാൻ മൂളട്ടെ, എന്നിട്ട് സമരം അവസാനിപ്പിക്കാം; സമരം പിൻവലിച്ചാൽ സ്റ്റൈപ്പന്റ് കൂട്ടിക്കൊടുക്കാം, മറ്റു കാര്യങ്ങളെല്ലാം ചെയ്യാം. ഞങ്ങളോട് ചോദ്യം ചെയ്യാൻ തയ്യാറായാൽ ഞങ്ങളുടെ മുൻപിൽ മുട്ടുമടക്കണം. തലേക്കെട്ട് അഴിക്കണം. ക്ഷമ ചോദിക്കണം എന്ന നിലപാട് നിങ്ങൾ എടുക്കുന്നത്. ആ അഹങ്കാരം ആണ്

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളെ നയിക്കുന്നത്. നിങ്ങൾ കാണിച്ചത് തെറ്റായിപ്പോയി. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്കു പറയാനുള്ളത്, 'Better late than never' എന്നാണ്. പതിനായിരക്കണക്കിന് രോഗികൾ വിഷമിക്കുകയാണ്. ഇപ്പോഴെങ്കിലും ആരോഗ്യ വകുപ്പുമന്ത്രിയും ക്യാബിനറ്റ് സബ് കമ്മിറ്റിയും കൂടി വിദ്യാർത്ഥികളെ വിളിച്ച് ചർച്ചചെയ്ത് സമരം അവസാനിപ്പിക്കാൻ തയ്യാറാകണം. ഇന്നലെ നിങ്ങൾക്ക് ചർച്ച ചെയ്യാൻ സമയമില്ലായിരുന്നു. തിരക്കായിരുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് എന്തെങ്കിലും പറയണമെന്നുണ്ട്, പക്ഷെ വാക്കുകൾ വരുന്നില്ല. അങ്ങേയ്ക്കറിയാമല്ലോ സമരത്തിന്റെ തീവ്രത? അങ്ങയുടെ സെന്റിമെന്റ്സ് എനിക്കറിയാം. ഞാൻ അങ്ങയെ പ്രയാസപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. പക്ഷെ ഇന്നലെ ചെയ്തത് വളരെ മോശമായിപ്പോയി. ഇന്നലെ മന്ത്രിമാർ ചർച്ചയ്ക്കു പോകാതെ, സെക്രട്ടറിയെ ചർച്ചയ്ക്ക് അയച്ചത് വളരെ മോശമായിപ്പോയി. വളരെ ചെറിയ മസസ്സിന്റെ പ്രതിഫലനമായിപ്പോയി. എനിക്ക് അതിൽ ദു:ഖമുണ്ട്. ഞങ്ങൾക്ക് അതിനോട് കൂട്ടുനിൽക്കാൻ സാദ്ധ്യമല്ല. രോഗികൾ പ്രയാസപ്പെടുന്നു. നാട്ടുകാർ പ്രയാസപ്പെടുന്നു. ഈ സ്റ്റേറ്റ് ആകെ കഷ്ടപ്പെടുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമോനോൻ) : സർ, ഈ സമരത്തിനെ സംബന്ധിച്ചുള്ള ആശങ്കയും മറ്റുള്ള കാര്യങ്ങളും ഒത്തു തീർക്കണമെന്നുള്ള അഭിപ്രായവുമൊക്കെ ക്രിയാത്മകമായി കാണുന്നു. അതല്ല പ്രശ്നം, ഇവിടെ സമരത്തെ അടിച്ചമർത്തുന്ന മാടമ്പിമാരാണ് ഇരിക്കുന്നത് എന്ന് പറഞ്ഞു. അനവധി ആളുകളെ അടിച്ച്, എല്ലൊടിച്ച്, അഞ്ച് ആളുകളെ വെടിവച്ചുകൊന്ന ആളുകളാണ് അപ്പുറത്തിരുന്ന് വേദാന്തം പറയുന്നത്. അക്കാര്യം മനസ്സിലാക്കണം.

ശ്രീ. എ.കെ. ആന്റണി : അതിനെക്കുറിച്ച് നമുക്കു മറ്റൊരവസരത്തിൽ ഡിബേറ്റു നടത്താം.

ശ്രീ. ടി. ശിവദാസമോനോൻ : 11 വയസ്സായ കുട്ടിയെ കൊന്നവരാണ് നിങ്ങൾ. എന്റെ മണ്ഡലത്തിലാണ് സംഭവം നടന്നത് ..... (ബഹളം) .....

ശ്രീ. എ.കെ. ആന്റണി : ഞാൻ അവസാനിപ്പിക്കാൻ പോയതാണ്. അപ്പോഴാണ്.....(ബഹളം).....

മി.സ്പീക്കർ : പ്ലീസ്..... പ്ലീസ്.....

ശ്രീ. എ.കെ. ആന്റണി : ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രി കഴിഞ്ഞകാല സംഭവങ്ങൾ എന്നെ ഓർമ്മപ്പെടുത്താൻ ശ്രമിച്ചു. പരിയാരം മെഡിക്കൽ കോളേജിന്റെ പേരിൽ കേരളമൊട്ടുക്ക് മന്ത്രിമാരെ വഴിയിൽ തടഞ്ഞ്, രക്തസാക്ഷികളെയുണ്ടാക്കി സമരം നടത്തിയ നിങ്ങൾ ഏറ്റവുമൊടുവിൽ സ്വാശ്രയ കോളേജ് അനുവദിക്കുന്ന തീരുമാനത്തിലേയ്ക്ക് എത്തിയപ്പോൾ നിങ്ങളുടെ സമരം തെറ്റിപ്പോയി. ആ രക്തസാക്ഷികളോട്, കൂത്തുപറമ്പ് രക്തസാക്ഷികളോട് നിങ്ങൾ പോയി മാപ്പിരക്കണമെന്നാണ് എനിക്കു പറയാനുള്ളത്.....(ബഹളം).....ഇവിടെ രക്തസാക്ഷികളെക്കുറിച്ച് നമ്മൾ.....(ബഹളം).....

മി.സ്പീക്കർ : അദ്ദേഹം കംപ്ലീറ്റ് ചെയ്യട്ടെ. അതു തീർന്നു.

ശ്രീ. എ.കെ. ആന്റണി : അങ്ങു മനുഷ്യത്വത്തെക്കുറിച്ചു സംസാരിച്ചു. കണ്ണൻ ദേവൻ കമ്പനിയിൽ തേയില നുള്ളുന്ന പാപ്പമ്മാൾ എന്ന

LIBRARY ARCHIVES Kerala Legislative Assembly

പാവപ്പെട്ട ഗർഭിണിയെ വെടിവച്ചുകൊന്നത് ഏതു കാലഘട്ടത്തിലാണെന്ന് അങ്ങേയ്ക്ക് ഓർമ്മയുണ്ടോ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രീ, തിരുവനന്തപുരം കടപ്പുറത്ത് ഫ്ളോറി എന്ന ഗർഭിണിയെ വെടിവച്ച് കൊന്നവരെ ഓർമ്മയുണ്ടോ? കാസർകോട് മല്ലികാർജ്ജുന ക്ഷേത്രത്തിന്റെ തിരുമുറ്റത്തുവച്ച് സുധാകർ അക്കിത്തായിയേയും ശാന്താറാം ഷേണായി എന്ന കൊച്ചുകുട്ടിയേയും വെടിവച്ചുകൊന്നത് ഓർമ്മയുണ്ടോ? എറണാകുളത്ത് തേവര കോളേജിൽ പഠിക്കുന്ന മുരളി എന്ന കൊച്ചുവിദ്യാർത്ഥിയെ അടിച്ചുകൊന്നത് ഓർമ്മയുണ്ടോ? പഴയ ചരിത്രം നമ്മൾ പറയേണ്ട. നിങ്ങളുടെ മനുഷ്യത്വരഹിതമായ നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ ഇന്ന് സഭാനടപടികൾ പൂർണ്ണമായി ബഹിഷ്ക്കരിക്കുകയാണ്.

(ശ്രീ. എ.കെ. ആന്റണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും 13.4.1999-ലെ ശേഷിക്കുന്ന സഭാനടപടികൾ ബഹിഷ്ക്കരിച്ച് പുറത്തുപോയി)

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : സർ,.....

മി. സ്പീക്കർ : കഴിഞ്ഞു. പ്രതിപക്ഷനേതാവ് പറഞ്ഞത് എല്ലാവർക്കും വേണ്ടിയല്ലേ? പ്രതിപക്ഷനേതാവ് പറഞ്ഞത്, ഞങ്ങൾ ഇന്നത്തെ സഭാനടപടികൾ ബഹിഷ്കരിക്കുന്നു എന്നാണ്. അങ്ങനെയാണ് പറഞ്ഞത്. ഞാൻ കേട്ടതാണ്.

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : സർ, അടിയന്തിരപ്രമേയത്തിന്.....

മി. സ്പീക്കർ : ആ ബഹിഷ്ക്കരണത്തിൽ പങ്കുചേരുക. ഇനി നീട്ടിക്കൊണ്ടു പോയാൽ ശരിയാകില്ല.

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : സർ, ഈ അടിയന്തിരപ്രമേയത്തിന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞ മറുപടി ഞാൻ കേട്ടു. ആ പറഞ്ഞ മറുപടിയിൽ നിന്ന് ഗവൺമെന്റിന്റെ വളരെ അപകടം പിടിച്ച രണ്ടു സമീപനം വ്യക്തമാണ്. ഒന്ന്, എത്ര വലിയ ഗൗരവതരമായ കാര്യമുണ്ടെങ്കിലും അത് നിസ്സാരമാക്കുക. നിങ്ങൾ ഭരിക്കുമ്പോൾ രാജ്യത്ത് ഒരു പ്രശ്നവും ഉണ്ടാകാൻ പാടില്ല, ഉണ്ടെന്നു പറയുന്നത് കളവാണെന്നു പ്രസ്താവിക്കുക. രണ്ടാമത്, രാജ്യത്തെ ജനങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നം പ്രതിപക്ഷം പറയുമ്പോൾ, ആ പ്രതിപക്ഷത്തെ പ്രതിയാക്കുക, ആക്ഷേപിക്കുക, പ്രതിപക്ഷം പറയുന്നത് എല്ലാവരുംകൂടി തെറ്റാണെന്നു പറയുക. അതു ശരിയല്ല. ഈ സമീപനം മാറ്റിയില്ലെങ്കിൽ ആരോഗ്യവകുപ്പു മാത്രമല്ല, ഈ രാജ്യം തന്നെ രക്ഷപ്പെടില്ല. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഒരു കാര്യം മനസ്സിലാക്കണം. ഞങ്ങൾ വെറുതെ പറയുന്നതല്ല. ഐ.എം.എ.യുടെ റിപ്പോർട്ടിലടക്കം പറയുന്നത്, ഇവിടത്തെ ആരോഗ്യരംഗം പുറകോട്ടു പോകുന്നു എന്നാണ്. ഇവിടെനിന്ന് ഉച്ചാടനം ചെയ്യപ്പെട്ട പല രോഗങ്ങളും ഇപ്പോൾ മടങ്ങിവരുകയാണ്. ആ രീതിയിലേക്ക് കേരളം പോകുന്ന സമയത്ത് നടക്കുന്ന ഒരു സമരം ആണ്. അപ്പോൾ കാര്യമായ ഒരു പ്രശ്നവും ഉണ്ടായിട്ടില്ല എന്നുള്ള രീതിയിൽ നിങ്ങൾ നിൽക്കുന്നതു ശരിയല്ല. ഇവിടെ ഒരുകാര്യമുണ്ട്, മന്ത്രിതന്നെ പറഞ്ഞു, എന്താണ് പറഞ്ഞത്? സ്റ്റൈപ്പന്റ് കൂട്ടുന്നത് സംബന്ധിച്ച് തീരുമാനം വന്നു. ഞാൻ ചോദിക്കട്ടെ, നിങ്ങൾക്ക് നേരത്തേ ഇതു സംബന്ധിച്ച് തീരുമാനം എടുക്കാമായിരുന്നില്ലേ? സ്റ്റൈപ്പന്റ് കൂട്ടാൻവേണ്ടിയുള്ള തീരുമാനം നിങ്ങൾ എടുക്കുന്നത് സമരം വന്നതിനുശേഷമാണ്. അപ്പോൾ സംഗതി എന്താണെന്നുവ

LIBRARY ARCHIVES Kerala Legislative Assembly

ച്ചാൽ സമരം ചെയ്താലേ പ്രശ്നം തീർക്കൂ എന്നുള്ള സ്വഭാവത്തിലേയ്ക്ക് നിങ്ങൾ പോവുകയാണ്. അതുപോലെതന്നെ ഇവിടെ മന്ത്രി ഒരുകാര്യം പറഞ്ഞു, റസിഡൻസി സമ്പ്രദായത്തെ സംബന്ധിച്ച് ഏലിക്കുട്ടി കമ്മിറ്റിയുടെ റിപ്പോർട്ടുവന്നു. എത്ര കാലമായി ആ റിപ്പോർട്ട് വന്നിട്ട്? പഠിച്ചുകൊണ്ടിരിക്കുകയാണെന്ന് മന്ത്രി പറയുന്നുണ്ട്. കമ്മിറ്റി അതിന്റെ റിപ്പോർട്ട് കൊടുത്തിട്ട് നാലു കൊല്ലമായി. നിങ്ങൾക്ക് പഠിക്കാൻ എത്ര കൊല്ലം വേണം? ഒരു കമ്മിറ്റിയുടെ റിപ്പോർട്ട് പഠിക്കാൻ നിങ്ങൾക്ക് നാലുകൊല്ലം വേണമെങ്കിൽ ഗൗരവമുള്ള മറ്റെന്തെങ്കിലും കാര്യം പഠിക്കാൻ എത്ര കൊല്ലം വേണ്ടിവരും? അപ്പോൾ ആദ്യം അവരെ സമരം ചെയ്യാൻ പ്രേരിപ്പിക്കുക, എന്നിട്ട് ചർച്ച ചെയ്യുക, പിന്നെ കമ്മിറ്റി റിപ്പോർട്ടുകൾ താമസിപ്പിക്കുക. അതുപോലെ മറ്റൊരു കാര്യം, ഇവിടെ സി.ഐ.യുടെ പ്രശ്നമുണ്ട്. മെഡിക്കൽ വിദ്യാർത്ഥികളെ മർദ്ദിച്ചതിന്റെ പേരിൽ സി.ഐ.യ്ക്ക് എതിരെ ഐ.ജി. അന്വേഷണം നടത്തിയിട്ട് അങ്ങ് അതുമാറ്റി. തെറ്റുണ്ടെന്ന് നിങ്ങൾക്ക് ബോദ്ധ്യപ്പെടുകയാണെങ്കിൽ അദ്ദേഹത്തെപ്പറ്റി ഡിപ്പാർട്ടുമെന്റൽ എൻകയറി നടത്തുന്നു എന്നുപറയുന്നതിനുപകരം നിങ്ങൾക്ക് എന്തുകൊണ്ട് മറ്റേ കേസ് അന്വേഷിക്കുന്നതുപോലെ ഇതും മറ്റൊരു ഏജൻസിക്കു വിട്ടുകൂടേ? ഇതിൽ ആവശ്യമില്ലാത്ത വാശി കാണിച്ചിട്ട്, ഒരു സംസ്ഥാനത്തെ അപകടം പിടിച്ച ഒരു സാഹചര്യത്തിൽ എത്തിച്ചിട്ട് മന്ത്രി പറഞ്ഞത് വലിയ ഗുരുതരാവസ്ഥയൊന്നും ഇല്ലെന്നാണ്. മെഡിക്കൽ കോളേജുകൾ മുഴുവൻ സ്തംഭിക്കുന്ന സ്വഭാവത്തിലേയ്ക്ക് പോവുകയാണ്. പി.ജി. സ്റ്റുഡൻസും ഹൗസ്സർജൻസുമാണ് പ്രധാനമായും ഒ.പി.യും കാഷ്വാലിറ്റിയുമൊക്കെ നോക്കുന്നത്. ഓരോ ദിവസവും പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന വാർത്ത, ആശുപത്രിയിൽപോയി നോക്കുന്ന ആളുകൾ കണ്ടുകൊണ്ടിരിക്കുന്ന കാര്യം വച്ചുനോക്കുമ്പോൾ ഇത് വളരെ ഗൗരവമുള്ള കാര്യമാണ്. നിങ്ങൾ ഇത് ഇത്രയും നിസ്സാരവൽക്കരിച്ചിട്ട് ഇതിനെ സംബന്ധിച്ച് പറയുന്ന പ്രതിപക്ഷത്തെ ഇങ്ങോട്ടു കയറി ആക്രമിക്കുക എന്ന സ്വഭാവത്തിലുള്ള ഒരു സമീപനമെടുക്കുന്നത് ശരിയല്ല. ഈ സഭ നിർത്തിവച്ച് ഇക്കാര്യം ചർച്ചചെയ്യാനുള്ള വളരെ ന്യായമായ ആവശ്യത്തിന് വഴങ്ങാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ ബഹിഷ്ക്കരിക്കുകയാണ്.

(ശ്രീ. ഇ.ടി. മുഹമ്മദ് ബഷീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും 13.4.1999-ലെ ശേഷിക്കുന്ന സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി.)

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, സിനിമയിൽ സാധാരണ വില്ലനെ സഹായിക്കാൻ അവിടെനിന്നും ഇവിടെനിന്നും ചില ആളുകൾ ചാടിവരുന്നതുപോലെ, ഇതുശരിയല്ല, ഈ ഏർപ്പാടുവേണ്ട..... (ബഹളം)..... ശ്രീ. കെ.എം. മാണിയെ പിടിക്കണ്ട..... വളരെ അടിയന്തിരപ്രാധാന്യമുള്ള ഒരു വിഷയത്തെപ്പറ്റി..... (ബഹളം)..... നിങ്ങൾ ശ്രീ. കെ.എം. മാണി എന്നുകേൾക്കുമ്പോൾ ഭയപ്പെടേണ്ട കാര്യമില്ല. ഇതുപോലെ പ്രധാനപ്പെട്ട ഒരു വിഷയത്തെപ്പറ്റി സംസാരിക്കുമ്പോൾ കൊച്ചുകുട്ടികളെപ്പോലെ ഓരിയിടുന്ന ഒരേർപ്പാട് ശരിയല്ല. കഴിഞ്ഞ 16 ദിവസമായി മെഡിക്കൽ കോളേജിൽ സമരം നടക്കുകയാണ്. മറ്റു സമരങ്ങളെപ്പോലെയല്ല ഇത്. അതു സംബന്ധിച്ച് അവധിവയ്ക്കുന്നത് ശരിയല്ല. മറ്റെല്ലാ ഏർപ്പാടുകൾക്കും വേണമെങ്കിൽ അവധിവയ്ക്കാം. ഇത് ജീവൻ

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടപ്പെടുത്തിക്കൊണ്ടുള്ള ഒരു കളിയാണ്. ഇതേപ്പറ്റി ചർച്ചചെയ്യണമെന്ന് വളരെക്കാലമായി പല ഭാഗങ്ങളിൽനിന്നും പ്രതിപക്ഷാംഗങ്ങൾ ഉൾപ്പെടെയുള്ള പല ആളുകളും ആവശ്യപ്പെട്ടിട്ടും ചർച്ചചെയ്യുകയില്ലെന്നുള്ള ഉറച്ച നിലപാടിൽ ഈ സർക്കാർ മൂകമായിരുന്നതിൽ ഖേദമുണ്ട്. ഇതുപോലുള്ള ഒരു പ്രശ്നം ചർച്ചചെയ്തില്ലെങ്കിൽ പിന്നെ ഏതാണ് ചർച്ചചെയ്യേണ്ടത്? ഇവിടെ അല്ലെങ്കിൽ പിന്നെ എവിടെയാണ് ചർച്ചചെയ്യേണ്ടത്? ഇന്ന് നിയമസഭാ സമ്മേളനം തീരുകയാണ്. ഇനി ഇഷ്ടംപോലെ ചെയ്യാമെന്നുള്ള തന്റേടമാണെങ്കിൽ അത് നടക്കില്ല. ഇതുപോലുള്ള വിഷയം ഇവിടെ ചർച്ച ചെയ്യണമെന്നുപറയുമ്പോൾ അതിന് അനുവാദം തരാത്തത് ഖേദകരമായിപ്പോയി എന്നുമാത്രമേ പറയുന്നുള്ളൂ. ഇത് ആരുടേയും പ്രത്യേക താല്പര്യത്തിനു വേണ്ടിയല്ല, രോഗികൾ ഇന്ന് സംസ്ഥാനത്ത് അനുഭവിക്കുന്ന ദുഃസ്ഥിതിയെ മറച്ചുപിടിച്ചുകൊണ്ട് നിയമസഭയിൽ മറ്റൊന്ന് പറയുന്നത് പാപമാണ്. ഏതാണ്ട് അവസാന കാലങ്ങളിലാണ് ഇതുപോലയുള്ള ദുഃസ്ഥിതി പലർക്കും ഉണ്ടാകുന്നത്. ദുഃസ്ഥിതി ഒരുപക്ഷേ പലതിന്റെയും അന്ത്യം കുറിക്കുമെന്നുള്ളതിന് സംശയമില്ല. പാവപ്പെട്ട രോഗികളെപ്പറ്റി സംസാരിക്കുമ്പോൾ അതിൽ നിയമങ്ങളും നിയമാവലികളും കൊണ്ടുവന്ന് അതിന് തടസ്സം സൃഷ്ടിക്കുന്നത് യോഗ്യമല്ലെന്നുമാത്രമേ പറയുന്നുള്ളൂ. 16 ദിവസമായി ഈ സമരത്തെപ്പറ്റി ചർച്ചചെയ്യാൻ ബന്ധപ്പെട്ട മന്ത്രിക്കോ അല്ലെങ്കിൽ മന്ത്രി ഉൾപ്പെടെയുള്ള സബ്കമ്മിറ്റിക്കോ സമയം കിട്ടിയില്ല. ഒരു ഡെപ്യൂട്ടി സെക്രട്ടറിയോ, സെക്രട്ടറിയോ അത് ചർച്ച ചെയ്തു എന്നു പറയുന്നത് ലജ്ജാവഹമാണ്. മറ്റൊന്ന് ഈ സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലേയും പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്. മറ്റുള്ള ആശുപത്രികളിൽനിന്നും വരുന്ന രോഗികൾക്ക് ആശ്വാസം നൽകേണ്ട സ്ഥലമാണിത്. ഇവിടെ അവർക്ക് ആശ്വാസം കിട്ടിയില്ലെങ്കിൽ പിന്നെ എങ്ങോട്ടാണ് പോകേണ്ടത്? പിന്നെ അവരുടെ ജീവിതം അവസാനിക്കുകയാണ്. അതുകൊണ്ട് ഈ പ്രവർത്തനങ്ങൾക്കെല്ലാം ഒരന്ത്യമുണ്ടാകാതിരിക്കണമെങ്കിൽ, ദൈവകോപം, ശാപം, ഉണ്ടാകാതിരിക്കണമെങ്കിൽ, ഈ രോഗികൾക്കനുകൂലമായ ഒരു അനുരഞ്ജന മനോഭാവം ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും സ്വീകരിക്കേണ്ടതാണ്. ഇതൊക്കെപറയുമ്പോൾ, പണ്ട് ആരോ ഇവിടെ പറഞ്ഞതുപോലെ ഇതൊക്കെ നിസ്സാരമാണ് എന്ന നിലപാടാണ് നിങ്ങൾ സ്വീകരിക്കുന്നത്. ഹൈക്കോടതിപോലും ഇടപെട്ട് നിങ്ങൾ ചർച്ച ചെയ്യണമെന്നു പറഞ്ഞു. ഹൈക്കോടതിക്ക് പുല്ലുവില പോലും കൊടുക്കാത്ത ഒരു മന്ത്രിസഭയാണിതെന്ന് മറ്റുള്ളവർ പറയാതിരിക്കാൻ വേണ്ടിയെങ്കിലും ഇതേപറ്റി ആലോചിക്കണമെന്നുമാത്രമേ പറയുന്നുള്ളൂ. നിങ്ങൾക്കനുകൂലമാണെങ്കിൽ ഹൈക്കോടതിയുടെ എല്ലാ റഫറൻസും ശരി, നിങ്ങൾക്കെതിരാണെങ്കിൽ ഹൈക്കോടതിയുടെ എല്ലാ റഫറൻസിനും പുല്ലുവില എന്നുള്ള ഈ നിലപാട് ശരിയല്ല. ഇന്ന് നിയമസഭാ സമ്മേളനം തീരുകയാണ്, ഇനി നാളെമുതൽ ഇഷ്ടംപോലെ ചെയ്തുകൊള്ളാം, അതുകൊണ്ട് ഇന്നത്തെ ഒരുദിവസം പിടിച്ചുനിന്നാൽ മതി എന്നൊന്നും ചിന്തിക്കണ്ട, ഇത് തുടരും, ഈ ശക്തി തുടരും, ഈ സമരം തുടരും, അതുകൊണ്ട് ഞാൻ പറയട്ടെ - മറ്റൊന്നുമില്ല - ഇതേപ്പറ്റി ബന്ധപ്പെട്ടവരുമായി ചർച്ചചെയ്താൽ തീരുന്ന പ്രശ്നമേയുള്ളൂ. ഇതിനേക്കാൾ വലിയ പ്രശ്നം ഇവിടെ ചർച്ചചെയ്ത് തീർത്തിട്ടുണ്ട്. അതിന് ഇടംകൊടുക്കാതെ ഞാൻ പിടിച്ചിടത്ത് പിടിക്കുമെന്നുള്ള രീതിയിൽ ബഹുമാനപ്പെട്ട മന്ത്രിയും മന്ത്രിക്ക് അനുകൂലമായി മന്ത്രിസഭയും നിൽക്കുന്നതു ശരിയല്ല. ഇതിനു

LIBRARY ARCHIVES Kerala Legislative Assembly

മുൻപും ഈ രാജ്യത്ത് ഭരണമുണ്ടായിരുന്നു. ഏതായാലും ഈ 16 ദിവസം സ്റ്റൈപ്പന്റ് ഉൾപ്പെടെയുള്ള ചില അത്യാവശ്യകാര്യങ്ങൾക്കുവേണ്ടി സമരം ചെയ്ത കുട്ടികളുടെ ശബ്ദം കേൾക്കുവാനും അവർക്കനുകൂലമായി ഒരു ശബ്ദം ഉയർത്തുവാനും ഈ മന്ത്രിക്കോ ഗവൺമെന്റിനോ കഴിയേണ്ടതായിരുന്നു. ഹൈക്കോടതി പറഞ്ഞില്ലേ? അത് കണക്കാക്കുന്നില്ല. അങ്ങനെ എല്ലാ പ്രധാനപ്പെട്ട നിർദ്ദേശങ്ങളും നിരാകരിച്ചുകൊണ്ട് ഞങ്ങൾ പിടിച്ചിടത്തുപിടിച്ചു നിൽക്കുമെന്നുള്ള ഗവൺമെന്റിന്റെ ഈ അനങ്ങാപ്പാറ നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും ഈ സഭവിട്ട് ഇറങ്ങുകയാണ്.

(ശ്രീ. കെ. നാരായണക്കുറുപ്പും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും 13.4.1999-ലെ ശേഷിക്കുന്ന സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി)

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, ഇന്ന് ഈ സഭയിൽ വന്ന അടിയന്തിര പ്രമേയം ചർച്ചചെയ്യേണ്ടതായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞദിവസം പറഞ്ഞത് ഈ സമരം കാര്യമായി ആശുപത്രികളെ ബാധിച്ചിട്ടില്ലായെന്നാണ്. അദ്ദേഹം പറഞ്ഞത് എസ്.എ.ടി. യിൽ 55 പ്രസവം നടന്നുവെന്നുള്ളതാണ്. അക്കാര്യം ഇവിടെ പരാമർശവിഷയമായിരുന്നു. ഇന്ന് അദ്ദേഹം പറഞ്ഞു ഇവിടുത്തെ ഒ.പി. യിൽ 25-30 ശതമാനത്തിന്റെ കുറവു വന്നു., അതേസമയം ജില്ലാ-താലൂക്ക് ആശുപത്രികളിലെ ഒ.പി. യിൽ രോഗികളുടെ എണ്ണം വർദ്ധിച്ചു എന്ന് മന്ത്രി പറഞ്ഞത് ഞാൻ നോട്ടു ചെയ്ത് വച്ചതാണ്. ഇതാണ് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ വെളിപ്പെടുത്തിയ ഒരു സംഗതി. ആരോഗ്യവകുപ്പുമന്ത്രിക്ക് അലോപ്പതി ഡോക്ടർമാരോട് എന്തെങ്കിലും വിരോധമുണ്ടോ? ഒരു വലിയ സംശയമാണത്. ഈ സംസ്ഥാനത്തെ ബാധിക്കുന്ന ഇത്രയും ഗുരുതരമായ ഒരു പ്രശ്നം എത്ര ലൈറ്റായിട്ടാണ് അങ്ങ് കണ്ടിരിക്കുന്നത്? ഇവിടെ ഒ.പി.യും കാഷ്വാലിറ്റിയും നടത്തുന്നത് ആരാണ്? പി.ജി. സ്റ്റുഡൻസ്, സീനിയർ ഹൗസ് സർജൻസ്, ഹൗസ് സർജൻസ് എന്നിവരാണ് ഒ.പി.യും കാഷ്വാലിറ്റിയും നടത്തുന്നത്. എന്തെങ്കിലും അത്യാഹിതം പറ്റി കാഷ്വാലിറ്റിയിൽ കൊണ്ടുവരുന്ന ആളുകളെ പരിശോധിച്ചതിനുശേഷം അവിടെയുള്ള പി.ജി സ്റ്റുഡന്റ്സോ അല്ലെങ്കിൽ മറ്റുള്ള ഡോക്ടർമാരോ വിളിക്കുമ്പോഴാണ് പ്രൊഫസർമാരോ മറ്റുള്ള ഉയർന്ന ഡോക്ടർമാരോ വരിക, അപ്പോൾ അടിസ്ഥാനപരമായി ഈ ആശുപത്രിയുടെ പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്. ഞാൻ ഡോക്ടറുടെ പേരുപറയുന്നില്ല, ഞാൻ ഇന്നലെ എന്റെ ഒരു കാര്യത്തിന് ഒരു ഡോക്ടറെ വിളിച്ചു. ആ ഡോക്ടർ എന്നോടുപറഞ്ഞു ഉച്ചവരെ വരേണ്ട, ഞാൻ ഉച്ചകഴിഞ്ഞ് അവിടെ പോകുന്നുണ്ട് എന്ന്, അവിടെ ഈ പരിശോധനയ്ക്ക് വിധേയമാകാൻവേണ്ടി ഒരു എം.എൽ.എ. യായ ഞാൻ വിളിച്ചപ്പോൾ ..... അവിടെ ഈ എക്യുപ്മെന്റ്സ് ഒക്കെ പ്രവർത്തിപ്പിക്കാൻവേണ്ടി നിൽക്കുന്ന പി.ജി. സ്റ്റുഡന്റ്സുണ്ട്, മന്ത്രി മനസ്സിലാക്കണം. അപ്പോൾ ഞാൻ ഡോക്ടറോടു പറഞ്ഞു, ഞാൻ വേണമെങ്കിൽ പുറത്തുനിന്ന് ചെയ്തിട്ടുവരാമെന്ന്, അപ്പോൾ വേണ്ട, ഉച്ചകഴിഞ്ഞ് വരൂ ഞാൻ കൂടെ വരാമെന്നാണ് അദ്ദേഹം പറഞ്ഞത്. ഞാൻ ഡോക്ടറുടെ പേരും പറയുന്നില്ല, ഇവിടെ ഇതാണ് സ്ഥിതി, മെഡിക്കൽ കോളേജ് ആശുപത്രികളെ നിങ്ങൾ നിശ്ചലാവസ്ഥയിലെത്തിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്കുവേണ്ടി ഒന്നുരണ്ട് സുഹൃത്തുക്കൾ വളരെ ആവേശത്തോടുകൂടി പറയുന്നതുകേട്ടു. കണ്ണൂർ മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

കോളേജിൽ സമരം നടക്കുന്നതിനെക്കുറിച്ച് ശ്രീ. ജയരാജൻ പറഞ്ഞതെന്താണ്? മന്ത്രിയുടെ നടപടി തികച്ചും തെറ്റാണെന്നുള്ള നിലയിൽ അവിടെ ശ്രീ. ജയരാജൻ അടക്കമുള്ള ആളുകൾ സ്റ്റാൻഡ് എടുത്തിട്ടുണ്ട്. പത്രങ്ങളിൽ നമ്മൾ വായിച്ച വാർത്തയാണത്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇവിടെ നടക്കുന്ന സമരങ്ങളും മറ്റുകാര്യങ്ങളും ഉണ്ട്. ഇവിടെ ഒരു കാര്യം സൂചിപ്പിക്കുകയുണ്ടായി. എന്തിനാണ് ഈ സ്റ്റുഡൻസിനോട് ഇത്ര വിരോധം? നിങ്ങൾ പഴയകാലമൊക്കെ മറന്നോ? ഞാൻ വലിയൊരു സമരത്തെ ആവശ്യമില്ലാതെ നേരിട്ട ഒരാളാണ്, ഞാൻ പറയട്ടെ; നിങ്ങൾക്ക് അസഹിഷ്ണുത വരും. ഇവിടെ പ്രീഡിഗ്രി ബോർഡ് എന്നു പറഞ്ഞ് ഒരു സമരം നടത്തി, എന്തിനായിരുന്നു ആ സമരം? ഞാൻ ചോദിക്കട്ടെ; ഞാൻ ഛർദ്ദിച്ചതല്ലേ നിങ്ങൾ ഇപ്പോൾ ഭക്ഷിക്കുന്നത്? അല്ലെന്നു നിങ്ങൾക്ക് പറയാൻ സാധിക്കുമോ? അതല്ലേ പ്ളസ് ടൂ ആയി ഇപ്പോൾ നടപ്പിലാക്കിയിരിക്കുന്നത്? അന്ന് വിദ്യാർത്ഥികൾക്കുവേണ്ടി സമരം നടത്തിയ പല ആളുകളും ഇന്ന് ഈ സഭയിലുണ്ട്. അന്നു വിദ്യാർത്ഥികൾക്കുവേണ്ടി സംസാരിച്ചവരാണ്, വിദ്യാർത്ഥികളുടെ ഗുണത്തിനുവേണ്ടി കൊണ്ടുവന്ന സംഗതി വിദ്യാർത്ഥികൾക്ക് ദോഷകരമാണെന്നു പറഞ്ഞ് അവരെക്കൊണ്ട് സമരം ചെയ്യിപ്പിച്ചത്. കുറേ വർഷങ്ങൾ പഠിച്ചതിനുശേഷം ഇവിടെ പി.ജി സ്റ്റുഡന്റായി പ്രവർത്തിക്കുന്ന കുട്ടികളുടെ സ്റ്റൈപ്പന്റിന്റെ കാര്യത്തെ സംബന്ധിച്ച് ഒരു വലിയ കാര്യമായി ശ്രീ. എ.സി. ഷൺമുഖദാസ് ഒരു നീണ്ട പട്ടിക തന്നെ വായിച്ചല്ലോ? ഇതു വലിയ കാര്യമൊന്നുമില്ല. കാരണം കേരളം മെഡിക്കൽരംഗത്ത് വളരെ മുമ്പിൽ നിൽക്കുന്ന സംസ്ഥാനമാണ്. വിദ്യാഭ്യാസരംഗത്ത് ഹെൽത്ത് ഡിപ്പാർട്ടുമെന്റ് ചെലവാക്കുന്ന പണം ഇന്ത്യയിലെ വേറെ ഏതെങ്കിലുമൊരു സ്റ്റേറ്റ് ചെലവാക്കുന്നുണ്ടോ? ചെലവാക്കുന്നില്ല. അങ്ങനെയുള്ള ഒരു സംസ്ഥാനത്ത് ഈ കുട്ടികൾക്ക് സ്റ്റൈപ്പന്റ് അല്പം വർദ്ധിപ്പിച്ചുകൊടുത്തപ്പോൾ കർണ്ണാടക, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളൊക്കെ അങ്ങയുടെ പട്ടികയിൽ വന്നത് കഷ്ടമായിപ്പോയി. ഈ കുട്ടികൾ കർമ്മസേനയുണ്ടാക്കാൻ പോകുന്നു. ഇവിടെ പ്രതിപക്ഷനേതാവ് ഒരു വാക്ക് പറഞ്ഞല്ലോ? കർമ്മസേന. കർമ്മസേനയിൽ പങ്കെടുക്കുന്നവർക്കെതിരെ ഭീഷണി വന്നിരിക്കുകയാണ്, സമരം നടത്തുന്നവർ തിരിച്ച് ആശുപത്രിയിൽ കയറിയില്ലെങ്കിൽ ഞങ്ങൾ കൈകാര്യം ചെയ്യുമെന്ന്. സി.പി.ഐ. ക്കാർ സി.പി.എം. ന് എതിരെ കർമ്മസേനയുണ്ടാക്കുവാൻ പോകുന്നുവെന്ന് ഇന്നു പത്രത്തിൽ വായിച്ചു. ഇവിടെയും കർമ്മസേനയുണ്ടാക്കാൻ പോകുന്നു..... (ബഹളം)..... ഇവിടെ സമരം നടത്തുന്ന വിദ്യാർത്ഥികൾക്കെതിരായിട്ടാണ് ഭീഷണി. ആ ഭീഷണിയിൽനിന്ന് അവരെ മോചിപ്പിക്കുവാൻ ഗവൺമെന്റിനു ബാധ്യതയുണ്ട്. അതുകൊണ്ടാണ് അവർ കർമ്മസേന രൂപീകരിക്കുമെന്ന് പറയുന്നത്. അവർക്ക് സംരക്ഷണം വേണ്ടേ? അതിൽ സി.പി.ഐ. സ്നേഹിതന്മാർ പ്രതിഷേധിക്കുന്നുവെങ്കിൽ പ്രതിഷേധിച്ചുകൊള്ളൂ. നിങ്ങളും കർമ്മസേനയുണ്ടാക്കാൻ പോകുന്നുവെന്ന് ഇന്ന് പത്രത്തിൽ ഞാൻ വായിച്ചു. ഈ സമരം അവസാനിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രി, പിന്നാംപുറത്ത് ഞങ്ങൾ കേൾക്കുന്നത് മന്ത്രി ഇന്നു രാജിവയ്ക്കേണ്ട ദിവസമാണെന്ന്. അതെന്തെങ്കിലുമാകട്ടെ, അതു നിങ്ങളുടെ കാര്യം. ഈ സമരം അവസാനിപ്പിച്ച്, കുട്ടികളുമായി ചർച്ചചെയ്ത് എത്രയും പെട്ടെന്ന് ആശുപത്രികളുടെ പ്രവർത്തനം സുഗമമാക്കാൻ നടപടി സ്വീകരിക്കുന്നതിൽ ഗവൺമെന്റ് കാണിക്കുന്ന കുറ്റകരമായ അനാസ്ഥയിൽ പ്രതിഷേധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഇന്നത്തെ സഭാനടപടികളുടെ ബഹിഷ്ക്കരണത്തിൽ ഞങ്ങളും പങ്കെടുക്കുകയാണ്.

(ശ്രീ. ടി.എം. ജേക്കബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും 13.4.1999 ലെ ശേഷിക്കുന്ന സഭാനടപടികൾ ബഹിഷ്ക്കരിച്ച് പുറത്തുപോയി)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

IV. ശ്രദ്ധക്ഷണിക്കൽ

1. സംസ്ഥാനത്തെ കാർഷിക-ഗ്രാമീണ മേഖലകൾക്കുവേണ്ടി ഋണാശ്വാസ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

(ശ്രീ. കെ.എ. ചന്ദ്രൻ സഭയിൽ ഹാജരാകാതിരുന്നതിനാൽ ഉന്നയിക്കപ്പെട്ടില്ല)

2. കോഴിക്കോട് ജില്ലയിലെ വിവിധ ശുദ്ധജലവിതരണ പദ്ധതികൾ

ശ്രീ. സി.കെ. നാണു : സർ, കോഴിക്കോട് ജില്ലയിലെ വിവിധ ശുദ്ധജല വിതരണ പദ്ധതികൾ പരിപൂർണ്ണമായും നടപ്പിലാക്കുന്നതിലുള്ള തടസ്സങ്ങൾ നീക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. എം.എൽ.എ മാരുടെ അഭ്യർത്ഥനയനുസരിച്ച് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി.പി.രാമകൃഷ്ണപിള്ള 25.6.1998-ന് കോഴിക്കോടുവച്ച് വാട്ടർ അതോറിറ്റി എം.ഡി. അടക്കമുള്ള ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ചില തീരുമാനങ്ങൾ എടുക്കുകയുണ്ടായി. എം.എൽ.എ. മാരായ ശ്രീ. എ. കണാരനും ഞാനും ആ യോഗത്തിൽ പങ്കെടുത്തിരുന്നു. ഗുളികപ്പുഴ, വടകര ആഗ്മെന്റേഷൻ, ഒഞ്ചിയം-ചോറോട് എന്നീ പദ്ധതികളുടെ പ്രവർത്തനങ്ങളാണ് ആ യോഗത്തിൽ വിലയിരുത്തിയത്. ആ യോഗത്തിൽവച്ച് ചില പരിപാടികൾ ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്ന് വ്യക്തമാക്കി. പക്ഷേ ഇന്ന് വടകരയിലും പരിസരങ്ങളിലുമുള്ള അവസ്ഥ, വടകര മുനിസിപ്പാലിറ്റിയിലെ ശുദ്ധജലത്തിന്റെ ലഭ്യതക്കുറവിനെതിരായി, വടകര ആഗ്മെന്റേഷൻ സ്കീമിലൂടെ വടകര മുനിസിപ്പാലിറ്റിയിലെ വിവിധ ഭാഗങ്ങളിൽ വെള്ളം ലഭിക്കാത്തതിന്റെ ഫലമായി, ആ മുനിസിപ്പാലിറ്റിയിലെ ജനങ്ങൾ ഒരു പ്രത്യക്ഷസമര പരിപാടിയിലേയ്ക്ക് നീങ്ങാൻ ശ്രമിക്കുകയാണ്. കുറച്ചുദിവസങ്ങൾക്കുമുമ്പ് വടകര താലൂക്കാശുപത്രിയിൽ ശുദ്ധജലക്ഷാമമുണ്ടായി. അവിടെ വാട്ടർ അതോറിറ്റിയാണ് വെള്ളം നൽകുന്നത്. ആശുപത്രിക്കു വെള്ളം നൽകിയിരുന്ന കിണറിൽ വെള്ളം കുറഞ്ഞപ്പോൾ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള മറ്റു ഭാഗങ്ങളിൽനിന്ന് ആശുപത്രിയിൽ വെള്ളം എത്തിക്കാൻ സാധിക്കാതെ ബുദ്ധിമുട്ടിയപ്പോൾ, ബഹുമാനപ്പെട്ട സത്യൻ മൊകേരിയും ശ്രീ. എ. കണാരനുമെല്ലാം ചേർന്ന് ഏതെങ്കിലും തരത്തിൽ വടകര താലൂക്കാശുപത്രിയിൽ വെള്ളമെത്തിക്കാനുള്ള ആവശ്യകതയെക്കുറിച്ച് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയുമായി നടന്ന ചർച്ചയിൽ ഞങ്ങൾ മുമ്പോട്ടുവച്ച നിർദ്ദേശങ്ങളെ സംബന്ധിച്ച് ഘട്ടംഘട്ടമായി നടപടികൾ സ്വീകരിക്കാമെന്നു പറഞ്ഞതിലുമൊക്കെ ചില പ്രശ്നങ്ങളുണ്ട്. ബോംബെ കമ്പനി മഞ്ചേരിയിൽ നടത്തിയ പരീക്ഷണം വിജയിച്ചാൽ, വടകര ആഗ്മെന്റേഷനിലും

LIBRARY ARCHIVES Kerala Legislative Assembly